# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030

ഇ-മെയിൽ: doekm.ksad@kerala.gov.in

ഫോൺ : 0484-2422271

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)104/23

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
എറണാകുളം-682030
തീയ്യതി: 10/04/2023
ഇ-മെയിൽ:
doekm.ksad@kerala.gov.in
ഫോൺ: 0484-2422271

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, എറണാകുളം.
3) കാര്യാലയ പകർപ്പ്.

നമ്പർ: നം.കെ.എസ്.എ.ഇ.കെ.എം(പി.6)104/23 തീയ്യതി: 10/04/2023

# എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2021 മുതൽ 31-03-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 40 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ബിന്ദു എസ് നായർ | ഡെപ്യൂട്ടി ഡയറക്ടർ | 16-01-2023 | 24-01-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 16-01-2023 | 24-01-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

റസിയാബീവി ജെ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ)
ഷൈജു മാത്യു, ഓഡിറ്റ് ഓഫീസർ
അനീഷ് ആർ., സീനിയർ ഗ്രേഡ് ഓഡിറ്റർ
സ്വപ്ന വി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി മറിയാമ്മ ബെന്നി | പ്രസിഡന്റ് | 01-04-2021 | 31-03-2022 |
| രാജേഷ് ടി വർഗ്ഗീസ് | സെക്രട്ടറി | 01-04-2021 | 05-07-2021 |
| ബിന്ദു വർഗീസ് | സെക്രട്ടറി | 06-07-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| നിഷ കെ എൽ | അസി. സെക്രട്ടറി | 01-04-2021 | 31-03-2022 |
| ആശ രാജ് ആർ സി | കൃഷി ഓഫീസർ | 01-04-2021 | 04-12-2021 |
| മഞ്ജു റോഷ്നി | കൃഷി ഓഫീസർ | 05-12-2021 | 31-03-2022 |
| ഡോ അമിത ജോർജ്ജ് | വെറ്ററിനററി സർജൻ | 01-04-2021 | 04-12-2021 |
| ഡോ. രഞ്ചിനി | വെറ്ററിനററി സർജൻ | 05-12-2021 | 31-03-2022 |
| സൌമ്യ ജി | അസി. എഞ്ചിനീയർ | 01-04-2021 | 16-05-2021 |
| ദിവ്യ ഭൂപേഷ് | അസി. എഞ്ചിനീയർ | 17-05-2021 | 31-03-2022 |
| ഡോ ഷാജി പി എസ് | മെഡിക്കൽ ഓഫീസർ സിഎച്ച്സി | 01-04-2021 | 31-03-2022 |
| ഡോ ഡിജി ടി ഡി | മെഡിക്കൽ ഓഫീസർ ആയർവേദം | 01-04-2021 | 31-03-2022 |
| ഡോ ഡിജി ടി ഡി | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-04-2021 | 31-01-2022 |
| ഡോ. ജൂബി ഫ്രാൻസിസ് | മെഡിക്കൽ ഓഫീസർ ഹോമിയോ | 01-02-2022 | 09-03-2022 |
| ഡോ. ഷാഹിന സി കെ | മെഡിക്കൽ ഓഫീസർ ഹോമിയോ | 10-03-2022 | 31-03-2022 |
| ജയ കെ ആർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2021 | 31-03-2022 |
| അനഘ പി വി | ഐസിഡിഎസ് സൂപ്പർവൈസർ | 01-04-2021 | 31-03-2022 |
| വിജയ് വി ജി | വി.ഇ.ഒ (പെരുമ്പിള്ളി സർക്കിൾ) | 01-04-2021 | 31-03-2022 |
| ജോർജ്ജ് എം പി | വി.ഇ.ഒ (തുരുത്തിക്കര, മുളന്തുരുത്തി സർക്കിൾ) | 01-04-2021 | 31-03-2022 |
| സിജി പി കെ | ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്,കാരിക്കോട് | 01-04-2021 | 27-10-2021 |

| | | | |
|---|---|---|---|
| സജിത എൻ | ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്,കാരിക്കോട് | 28-10-2021 | 09-12-2021 |
| ബിന്ദു കുര്യാക്കോസ് | ഹെഡ്മാസ്റ്റർ,ഗവ.യു.പി.എസ്,കാരിക്കോട് | 10-12-2021 | 31-03-2022 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ | 1-2-1 |
| 4 | സാമ്പത്തികവിശകലനം | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം | 1-4 |
| 6 | പദ്ധതി അവലോകനം | 1-5 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 8 | ക്ഷേമപദ്ധതികൾ | 1-7 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-8 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-9 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 12 | ഓഡിറ്റ് ഇംപാക്ട് | 1-11 |
| 13 | അസെറ്റ് മാനേജ്മെന്റ് | 1-12 |
| 14 | ഗ്രാമസഭ | 1-13 |
| 15 | ദുരിതാശ്വാസ നിധി | 1-14 |
| 16 | തൊഴിൽ നികുതി അപാകതകൾ | 1-15 |
| 17 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് | 1-16 |
| 18 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല | 1-17 |
| 19 | വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി | 1-18 |
| 20 | ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവു ചെയ്ത് കൊടുക്കൽ - അപാകതകൾ | 1-19 |
| 21 | നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിച്ചിട്ടില്ല | 1-20 |
| 22 | ബിൽഡിംഗ് റെഗുലറൈസേഷൻ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല | 1-21 |
| 23 | ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു | 1-22 |
| 24 | സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല | 1-23 |
| 25 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല | 1-24 |

| | | |
|---|---|---|
| 26 | ദുരിതാശ്വാസനിധി, പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, ഡെപ്പോസിറ്റുകൾ, മറ്റ് ബാധ്യതകൾ എന്നിവ തനതുചെലവുകൾക്ക് വിനിയോഗിക്കുന്നു | 1-25 |
| 27 | സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ | 1-26 |
| 28 | തെരുവ് വിളക്ക് പരിപാലനം -രേഖപ്പെടുത്തലുകളിലെ അവ്യക്തത. | 1-27 |
| 29 | ലീവ് സറണ്ടർ ചെയ്തത് ക്രമവിരുദ്ധം. | 1-28 |
| 30 | കുടിവെള്ള വിതരണം-അപാകങ്ങൾ | 1-29 |
| 31 | വാഹനങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യേണ്ടതാണ്. | 1-30 |
| 32 | ഹോണറേറിയം സാക്ഷരതാ മിഷനിൽനിന്നും ലഭ്യമാക്കേണ്ടതാണ്. | 1-31 |
| 33 | അലിവ് പദ്ധതി-കുടിശ്ശിക തുകയിലെ അവ്യക്തത-668080 രൂപ തടസ്സപ്പെടുത്തുന്നു. | 1-32 |
| 34 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല-ചെലവു തുകയായ 20000/- രൂപ തടസ്സപ്പെടുത്തുന്നു | 1-33 |
| 35 | കമ്പ്യൂട്ടേഷൻ പഞ്ചായത്ത് കമ്മറ്റിയിൽ അംഗീകരിക്കാതെ പദ്ധതി നടപ്പിലാക്കി | 1-34 |
| 36 | മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ ഫയൽ പരിശോധനക്കായി ലഭ്യമായിട്ടില്ല- ചെലവു തുകയായ 40250/- രൂപ തടസ്സപ്പെടുത്തുന്നു | 1-35 |
| 37 | മാർക്കറ്റ് വൈദ്യുതീകരണം-എല്ലാ പ്രവർത്തികളും നടപ്പിലാക്കിയില്ല- 22500/-രൂപ തടസ്സപ്പെടുത്തുന്നു. | 1-36 |
| 38 | ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്. | 1-37 |
| 39 | പൈങ്ങാരപ്പിള്ളി മനയ്ക്കപ്പടി പ്രാദേശിക കുടിവെള്ള പദ്ധതി. | 1-38 |
| 40 | മരാമത്ത് പ്രവൃത്തികളുടെ പൊതുവായ അപാകതകൾ | 1-39 |
| 41 | എം.ജി.എൻ.ആർ.ജി.എസ്- അപാകതകൾ | 1-40 |
| ഭാഗം **2** | | |
| 1 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് | 2-1 |
| 2 | നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിച്ചിട്ടില്ല | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം | 4-3 |

| | | |
|---|---|---|
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ് | 4-5 |
| 6 | സ്ഥിര നിക്ഷേപം | 4-6 |
| 7 | ഓഡിറ്റ് റിക്കവറി | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

2021-22 വർഷത്തെ ബജറ്റ് 17.03.2021 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 1(1):ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് 10.02.2022 തീയതിയിൽ നടന്ന സാധാരണ യോഗത്തിലെ 2-1(13)-ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വരവ് -ചെലവും, യഥാർത്ഥ വരവ്- ചെലവും തമ്മിൽ ഗണ്യമായ വ്യത്യാസം കാണുന്നു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| | 2021-2022 പുതുക്കിയ ബജറ്റ് പ്രകാരം | 2021-2022 വാർഷിക ധനകാര്യപത്രിക പ്രകാരം | വ്യത്യാസം |
|---|---|---|---|
| പ്രാരംഭ ബാക്കി | 9405708.00 | 8526468.60 | 879239.40 |
| വരവ് | 234669437.00 | 104826267.00 | 129843170.00 |
| ആകെ | 244075145.00 | 113352735.60 | 130722409.40 |
| ചെലവ് | 242967519.00 | 106683313.00 | 136284206.00 |
| നീക്കിയിരുപ്പ് | 1107626.00 | 6669422.60 | (-)5561796.60 |

ബജറ്റ് പ്രകാരമുള്ള വരവും, വാർഷിക ധനകാര്യപത്രികയിലെ വരവും തമ്മിൽ 12.98 കോടി രൂപയുടെയും, ബജറ്റ് പ്രകാരമുള്ള ചെലവും, വാർഷിക ധനകാര്യപത്രികയിലെ ചെലവും തമ്മിൽ 13.62 കോടി രൂപയുടെയും വ്യത്യാസമുണ്ട്. തൊഴിലുറപ്പ് പദ്ധതിയുടെ 3.19 കോടിയുടേയും ക്ഷേമപെൻഷനുകളുടെ 5.68 കോടിയുടേയും വരവ് ചെലവ് കണക്കുകൾ പരിഗണിച്ചാൽ പോലും യഥാർത്ഥ വരവ് ചെലവുകളും ബജറ്റ് പ്രകാരമുള്ള വരവ്-ചെലവുകളും പൊരുത്തപ്പെടുന്നില്ല.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട അവസാനതീയതി | ലഭിച്ച തീയതി |
|---|---|
| 31.07.22 | 01.07.22 |

### 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ കണ്ടെത്തിയ അപാകതകൾ താഴെ കൊടുക്കുന്നു.

1. താഴെ കൊടുക്കുന്ന ഡെപ്പോസിറ്റ് ഇനങ്ങളുടെ വരവ്, ചെലവ്, നീക്കിയിരിപ്പ് തുകകൾ പൊരുത്തപ്പെടുന്നില്ല

| ക്രമ നം. | അക്കൌണ്ട് ഹെഡ് | വ്യത്യാസം |
|---|---|---|
| 1 | Suplier's EMD (340100102) | 72025 |
| 2 | Bidde's Security Depst (340100203) | 89166 |
| 3 | Rent Desit (340200101) | 287145 |

2. ആകെ ഫിക്സഡ് അസറ്റിന്റെ മുന്നിരിപ്പും, RP38 ഷെഡ്യൂൾ പ്രകാരമുള്ള തൻവർഷത്തെ ചെലവും, ക്യാപിറ്റൽ വർക്ക് ഇൻ പ്രോഗ്രസിൽ നിന്നും ഫിക്സഡ് അസറ്റിലേക്ക് മാറ്റിയ തുകയും ഉൾപ്പെട്ടതായിരിക്കണം. 31.03.2022ലെ ഫിക്സഡ് അസറ്റിന്റെ ആകെ നീക്കിയിരിപ്പ്. B11 ഷെഡ്യൂൾ പ്രകാരമുള്ള ഫിക്സഡ് അസറ്റിന്റെ നീക്കിയിരിപ്പിൽ 16131217/- രൂപയുടെ വ്യത്യാസമുണ്ട്.

3. Advance Collection Of Revenues - Property Tax On Residential Buildings ഹെഡിന്റെ RP36 ഷെഡ്യൂൾ പ്രകാരമുള്ള ചെലവും, B9 ഷെഡ്യൂൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

4. ഇ-ടെൻഡർ ഫീ ഇനത്തിൽ അസി. എഞ്ചിനീയറുടെ അക്കൌണ്ടിൽ വരവ് വന്നിട്ടുള്ള തുകയുടെ കൃത്യത പരിശോധിച്ച് ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിലേക്ക് മാറ്റുകയോ, ലഭിക്കാനുള്ള തുക Other Receivables എന്ന ഹെഡ്ഡിൽ അക്കൗണ്ട് ചെയ്യുന്നതിനുള്ള നടപടികളും ചെയ്തിട്ടില്ല.

5. സർക്കുലർനം.58725/എഫ്.എം.3/2008/തസ്വഭവ./26.05.2011ലെ നിർദ്ദേശത്തിന് വിരുദ്ധമായി തനത് ഫണ്ടിന് നാല് അക്കൗണ്ടുകൾ നിലനിർത്തുന്നു.(യൂണിയൻ ബാങ്ക്, ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്ക്, ഇ.ഡി.സി.ബി, ട്രഷറി ഓൺഫണ്ട്)

6. B-15 ഷെഡ്യൂളിൽ വസ്തു നികുതിയിനത്തിൽ തുക കുടിശ്ശികയായുണ്ട്. എന്നാൽ നികുതി കുടിശ്ശിക കണക്കാക്കി I&E-ൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല

7. പ്രത്യേക ഉദ്ദേശ്യഗ്രാന്റുകൾ -ജോയിന്റ് വെഞ്ച്വർ - തത്തുല്യമായ ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പില്ല. വ്യത്യാസം വിശദീകരിക്കേണ്ടതാണ്.

8. ഗുണഭോക്താക്കൾ നേരിട്ട് ചെലവ് ചെയ്ത തുക കണക്കാക്കി ഗുണഭോക്തൃ വിഹിതം ഇനത്തിൽ വാർഷിക ധനകാര്യ പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല (ഉദാ-വെറ്ററിനറി സർജൻ നിർവഹണം ചെയ്ത പ്രോജക്ടുകൾ)

## 1-3 സാമ്പത്തികവിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 8526468.60 |
| ഓഡിറ്റ് വർഷത്തെ വരവ് | 104826267.00 |
| ആകെ | 113352735.60 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 106683313.00 |
| നീക്കിയിരിപ്പ് | 6669422.60 |
| വരവിനങ്ങളിലുള്ള നഷ്ടം | 1637.00 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 0 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1091600/- |

## 1-4 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് | ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | 0 | 12042600 | 12042600 | 12042600 | 0 | |
| വികസന ഫണ്ട്-എസ്.സി.പി | 0 | 5876333 | 5876333 | 5876333 | 0 | |
| വികസന ഫണ്ട്-ടി.എസ്.പി | 0 | 0 | 0 | 0 | 0 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Tied) | 0 | 4044163 | 4044163 | 4033730 | 10433 | |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് ( CFC- Untied) | | 2691731* | 2691731 | 2622953 | 68778 | |
| മെയിന്റനൻസ്, റോഡ് | 0 | 14960000 | 14960000 | 13152000 | 0 | 1808000 |
| മെയിന്റനൻസ്, നോൺ-റോഡ് | 0 | 5805247 | 5805247 | 5805247 | 0 | |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ഐ.സി.ഡി.എസ് | 1182621 | 825982 | 2008603 | 325522 | 1683081 | |
| സമ്പൂർണ്ണ ശുചിത്വ യജ്ഞം (TSC) | 723775 | 84000 | 807775 | 0 | 807775 | |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ | | | | | | |
| ലൈഫ് (സംസ്ഥാന വിഹിതം) | 2360000 | 0 | 2360000 | 786329 | 1573671 | |
| സാക്ഷരതാ മിഷൻ ഗ്രാന്റ് | 28463 | 835 | 29298 | 0 | 29298 | |
| പൈകാ ഗ്രാന്റ് | 580000 | 0 | 580000 | 0 | 580000 | |
| ഫ്ലഡ് റിലീഫ് ഗ്രാന്റ് | 150000 | 0 | 150000 | 0 | 150000 | |
| ആശ്രയാ മിഷൻ ഫണ്ട്, വിമുക്തി | 34600 | 184649 | 219249 | 184440 | 34809 | |
| ആരോഗ്യകേരളം | 500000 | 0 | 500000 | 0 | 50000 | |
| ശുചിത്വമിഷൻ | 1376973 | 0 | 1376973 | 952800 | 424173 | |
| സിഎസ്ആർ ഫണ്ട് | 0 | 3733000 | 3733000 | 3733000 | 0 | |
| കോവിഡ് | 0 | 2900000 | 2900000 | 2900000 | 0 | |

* എസിആർ പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റിന്റെ ( CFC- Untied) അലോട്ട്മെന്റ് 2643000/- രൂപയാണ്.

അതിനോടൊപ്പം 49375/- രൂപ ബാങ്ക് പലിശയും, 644/- രൂപ ബാങ്ക് ചാർജസും ക്രമീകരിച്ച തുകയാണ് വരവായി ചേർത്തിരിക്കുന്നത്. I-6, RP-7 ഷെഡ്യൂളുകൾ തമ്മിൽ വികസന ഫണ്ട് ജനറലിന്റെ വ്യത്യാസം 2156400/-രൂപയാണ്. ആയത് ജി.ഒ.പ്രോജക്ടുകളുടെ ചെലവാണ്. വികസനഫണ്ട് എസ്.സി.പി.യുടെ ഈ വ്യത്യാസം 102667/-രൂപയാണ്. 185, 189, 201 എന്നീ ജി.ഒ.പ്രോജക്ടുകളുടെ ചെലവാണിത്.

## 1-5 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തത് (എണ്ണം ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം ) | പൂർത്തീകരിച്ചത് (എണ്ണം ) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|
| 213 | 133705588 | 174 | 76117366 | 39 | 39 | 135 | 63.38% |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 110503 | 747321 | 857824 | 857398 | 426 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നല്കുന്നത് | 0 | 31894602 | 31894602 | 31894602 | 0 |
| ആകെ | 110503 | 32641923 | 32752426 | 32752000 | 426 |

## 1-7 ക്ഷേമപദ്ധതികൾ

| ക്ഷേമപെൻഷൻ | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 9099600 | 560 |
| വാർദ്ധക്യകാലപെൻഷൻ | 34541100 | 2369 |
| വിധവാപെൻഷൻ | 13003400 | 864 |
| വികലാംഗപെൻഷൻ | 4549600 | 289 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 1189400 | 74 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.01.2023 തീയതിയിൽ സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 17953/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണവുമായി ബന്ധപ്പെട്ട് ചുവടെ പറയുന്ന അപാകതകൾ കാണുന്നു

1)2021-22 സാമ്പത്തിക വർഷത്തിൽ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ 4 അപേക്ഷകൾ മാത്രമാണ് പരിശോധനക്കായി ലഭ്യമായിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തേയും മുൻവർഷങ്ങളിലേയും കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം, പ്രസ്തുത അപേക്ഷകൾ, ആയതിൽ നിരസിച്ചവ, ക്രമവൽക്കരിച്ചവ, നിരസിച്ച അപേക്ഷകളുടെ തുടർ നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങൾ ഉൾപ്പെടുത്തിയ റഗുലറൈസേഷൻ രജിസ്റ്റർ/ സോഫ്റ്റ് കോപ്പി പഞ്ചായത്തിൽ സൂക്ഷിച്ചിട്ടില്ല.

2) 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജും ) ചട്ടങ്ങൾ ചട്ടം 21(3) പ്രകാരം അനുവദിക്കപ്പെടുന്ന ഏതൊരു ഇളവും ഈ ആവശ്യത്തിനായി നിശ്ചയിച്ചിട്ടുള്ള ഫാറം 11 ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്. എന്നാൽ ചട്ട പ്രകാരമുള്ള രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല.

3) ഗ്രാമ പഞ്ചായത്തിലെ വിവിധ സെക്ഷനുകൾ നിലവിൽ പേഴ്സണൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

4) ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോയെന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിച്ച് ആഭ്യന്തരനിയന്ത്രണ സംവിധാനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.12.2021 | ഡിസംബർ 2021 | 26.05.2022 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2022 | 2019-20 | 13.04.2022 |

## 1-11 ഓഡിറ്റ് ഇംപാക്ട്

1) വസ്തു നികുതി
12/314/A1 നമ്പർ വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റ് വിഭാഗത്തിൽപെടുന്ന കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചീടാക്കിയതിൽ കുറവ് വന്ന തുകയായ 41998/- രൂപ ഓഡിറ്റ് എൻക്വയറിയുടെ നം.(14/20.1.2023) അടിസ്ഥാനത്തിൽ രസീത് നമ്പർ 1220108863/G070902 തീയതി 24.1.2023 പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കി.
2) തൊഴിൽ നികുതി
തൊഴിൽ നികുതിയിനത്തിൽ ഈടാക്കിയതിൽ കുറവ് വന്ന തുകയായ 2500/- രൂപ ഓഡിറ്റ് എൻക്വയറിയുടെ നം.(5/20.1.2023) അടിസ്ഥാനത്തിൽ രസീത് നമ്പർ 1220108804/G070902 തീയതി 23.1.2023 പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കി.
3) സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ ഫീസ്
സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കിയ ഫീസ് 450/- രൂപ ഓഡിറ്റ് എൻക്വയറിയുടെ നം. (20/20.1.2023) അടിസ്ഥാനത്തിൽ രസീത് നമ്പർ 1220108854,46,47,48,49,50,51,52,53, 23.1.2023 പ്രകാരം പഞ്ചായത്തു ഫണ്ടിൽ അടവാക്കി .

## 1-12 അസെറ്റ് മാനേജ്മെന്റ്

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 20.1.2017ലെ സ.ഉ.(ആർ.ടി)166/2017 നമ്പരായി പ്രസിദ്ധീകരിച്ച തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അസറ്റ് മാനേജ്മെന്റ് മാന്വൽ പ്രകാരം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ചെയർമാനായി ഒരു അസറ്റ് മാനേജ്മെന്റ് & മോണിറ്ററിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതും ആസ്തികളുടെ വാർഷിക വിലയിരുത്തൽ നടത്തി അതിന്റെ അടിസ്ഥാനത്തിൽ അസറ്റ് മാനേജ്മെന്റ് സ്റ്റാറ്റജിയും, അസറ്റ് മാനേജ്മെന്റ് പ്ലാനും തയ്യാറാക്കേണ്ടതാണ്. കൂടാതെ ആസ്തികളുടെ അർദ്ധ വാർഷിക റിവ്യൂ, വാർഷിക റിവ്യൂ എന്നിവയും നടത്തേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ ഈ ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 ഗ്രാമസഭ

2021-22 സാമ്പത്തിക വർഷത്തിൽ കോവിഡ് പശ്ചാത്തലത്തിൽ നിയമപ്രകാരമുള്ള കാലയളവിൽ ഗ്രാമസഭകൾ കൂടുന്നതിന് സാധിച്ചിട്ടില്ല. നിലവിൽ ഗ്രാമ സഭകൾ വളരെ കാര്യക്ഷമമായി കൂടുന്നുണ്ട്.

## 1-14 ദുരിതാശ്വാസ നിധി

2003ലെ കേരള പഞ്ചായത്ത് രാജ് ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും ചട്ടങ്ങൾ ചട്ടം 3(1) പ്രകാരം പേമാരി, വെള്ളപ്പൊക്കം, പ്രകൃതി ക്ഷോഭം, അഗ്നിബാധ, കൊടുങ്കാറ്റ്, കടലാക്രമണം, അത്യാഹിതം, മാറാരോഗങ്ങൾ, എന്നിവ മൂലം ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് അവരുടെ ദുരിത നിവാരണാർത്ഥം അടിയന്തിര സഹായം നൽകുന്നതിനായി ഗ്രാമപഞ്ചായത്തിൽ 04-12-2004ൽ ജില്ലാ സഹകരണ ബാങ്ക്, മുളന്തുരുത്തി ബ്രാഞ്ചിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ട്. ഈ സാമ്പത്തികവർഷം മുന്നിരുപ്പ് 321802/- രൂപയും വരവ് 64500/- രൂപയും നീക്കിയിരുപ്പ് 272802/-രൂപയും ആണ്. ദുരിതമനുഭവിക്കുന്നവരും ഗ്രാമ പഞ്ചായത്ത് പ്രദേശങ്ങളിൽ നിവസിക്കുന്നവരും നിർദ്ധനരുമായ വ്യക്തികൾക്ക് ഇതിൽ നിന്നും ആകെ 1 ലക്ഷത്തിലധികം രൂപ അടിയന്തര സഹായം നൽകിയിട്ടുണ്ട്. ദുരിതാശ്വാസ നിധി വളരെ കാര്യക്ഷമമാണ്.

## 1-15 തൊഴിൽ നികുതി അപാകതകൾ

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 204 മുതൽ 205 വരെയുള്ള വകുപ്പുകൾ പ്രകാരം ഒരു വ്യക്തി ഒരു അർദ്ധവർഷം തുടർച്ചയായോ, പലപ്പോഴായോ 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ തൊഴിൽനികുതിക്ക് വിധേയനാകും.2021-22 സാമ്പത്തിക വർഷത്തെ ഗ്രാമ പഞ്ചായത്തിലെ തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു

1) ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന എ.ഇ.കെ.എസ്.ഇ.ബി മുളന്തുരുത്തിയിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല
2) ജീവനക്കാരുടെ തൊഴിൽ നികുതി
ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല
(2021-22 രണ്ട് അർദ്ധവർഷത്തേയും)

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 1 | ഡെന്റൽ ഹെൽത്ത് സെന്റർ | 5 |
| 2 | പാൻ സിനിമാസ് | 2 |
| 3 | ഗാർനെറ്റ് എന്റർ പ്രൈസസ് | 5 |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 5/20.1.2023) ലഭ്യമായ മറുപടിയിൽ ക്രമ നം.2 പ്രകാരമുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി അടവാക്കിയതായി മറുപടി നൽകിയിട്ടുണ്ട്. ആയതിൽ തൊഴിൽ നികുതി അടവാക്കിയ ജീവനക്കാരുടെ എണ്ണം രേഖപ്പെടുത്തിയിട്ടില്ല. വ്യക്തമായ വിവരങ്ങൾ ഉൾപ്പെടുത്തി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്
3) തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിലെ വിവിധ മരാമത്ത് പണികൾ ഏറ്റെടുത്ത് നടത്തിയ ചുവടെ കൊടുത്തിരിക്കുന്ന കരാറുകാരുടെ തൊഴിൽ നികുതി(രണ്ട് അർദ്ധവർഷത്തേയും) ഡിമാന്റ്ചെയ്ത് ഈടാക്കിയതായി കാണുന്നില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | കരാറുകാരുടെ പേര് |
|---|---|
| 1 | കെ.പി ബെന്നി |
| 2 | ഷാജി കെ.പി |
| 3 | സണ്ണി കെ.എം |

മേൽ കരാറുകാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.37/24.1.2023 ) ലഭ്യമായ മറുപടിയിൽ നികുതി അടവാക്കി അറിയിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നികുതി അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

## 1-16 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്

2011ലെ കേരള പഞ്ചാത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചാത്ത് വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ എന്നിവക്ക് ച.മീറ്ററിന് 80/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തികവർഷത്തെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും രാജു ജോസഫ് എന്ന വ്യക്തിയുടെ A2-4489/2021/25.3.2021 നമ്പർ അപേക്ഷ പ്രകാരമുള്ള 9/602 Kമുതൽ 9/602 S വരെയുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവുണ്ട്. വിശദ വിവരം ഭാഗം 2-1 ൽ ചേർത്തിട്ടുണ്ട്.

## 1-17 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾക്ക് ചട്ട പ്രകാരമുള്ള നടപടികൾ സ്വീകരിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സർചാർജ്ജും ) ചട്ടങ്ങളിലെ ചട്ടം 20(1,2,3,4) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് പ്രത്യേക കെട്ടിട നമ്പർ നൽകി അവയെ സംബന്ധിച്ച വിവരങ്ങൾ ഈ ചട്ടങ്ങൾക്ക് അനുബന്ധമായി ചേർത്തിട്ടുള്ള ഫാറം 10 ൽ ഉള്ള രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സൂക്ഷിക്കേണ്ടതും ചട്ടപ്രകാരമുള്ള മറ്റ് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എഎ(1),പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി കെട്ടിടം പൊളിച്ചു മാറ്റുന്നതു വരെ ഈടാക്കേണ്ടതാണ്.

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള

അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.
ഗ്രാമ പഞ്ചായത്തിലെ യു. എ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ നിയമാനുസൃതമല്ലാത്ത കെട്ടിടങ്ങളായി മുൻവർഷങ്ങളിൽ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതാണ്. ഇവ സഞ്ചയയിൽ ഉൾപ്പെടുത്തി ചട്ടപ്രകാരമുള്ള വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കുന്നില്ല.

| ക്രമ നം | കെട്ടിട നം. / കെട്ടിട ഉടമ | ഉപയോഗക്രമം |
|---|---|---|
| 1 | UA-12/663/കുര്യൻ പുല്ലുപറമ്പിൽ മുളന്തുരുത്തി | വാസഗൃഹം |
| 2 | വൽസ, UA 4/1,13/297 UA | വാസഗൃഹം |
| 3 | അന്നക്കുട്ടി UA 5/1,11/202 UA | വാസഗൃഹം |
| 4 | വൽസ കെ.കെ 14/536 UA | വാസഗൃഹം |
| 5 | എ.ഇ UA 7/1 | വാണിജ്യാവശ്യം (ജൻറോം പ്രൊജക്ട്) |
| 6 | പ്രിൻസ്.എ.എ UA 7/2, 4/205 UA1 | വാസഗൃഹം ഔട്ട് ഹൌസ് |
| 7 | ജാനകി UA/8/1, 9/290 UA | വാസഗൃഹം |
| 8 | രാഗേഷ് എ.ആർ UA 4/2 | വാസഗൃഹം |
| 9 | സെക്രട്ടറി മുളന്തുരുത്തി ഗ്രാമ പഞ്ചായത്ത് UA 7/2 | കാരിക്കോട് അംഗൻവാടി |
| 10 | ശാന്ത അറക്കത്താഴത്ത് /6/536-A (UA ) | വാസഗൃഹം |

മേൽ കെട്ടിടങ്ങളുടെ തുടർ നടപടി വിവരങ്ങൾ പരിശോധനക്കായി ലഭ്യമാക്കുവാനും ഗ്രാമ പഞ്ചായത്തിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട് മറ്റ് കെട്ടിടങ്ങൾ ഉണ്ടെങ്കിൽ ആയതിന്റെ മുഴുവൻ വിവരങ്ങളും പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/23.1.2023) മറുപടി ലഭ്യമായിട്ടില്ല. ഗ്രാമപഞ്ചായത്തിലെ നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിലും സഞ്ചയയിലും ഉൾപ്പെടുത്തി ചട്ടപ്രകാരമുള്ള വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതും പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ചുമാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-18 വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റിന് കുറഞ്ഞ നിരക്കിൽ വസ്തുനികുതി നിർണ്ണയം നടത്തി

2011 ലെ കേരള പഞ്ചാത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് വാണിജ്യാവശ്യത്തിനുള്ളവ 200 ച.മീറ്റർ വരെ തറ

വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾക്ക് ചതുരശ്ര മീറ്ററിന് 40 രൂപയായും, 200 ച.മീറ്ററിന് മുകളിൽ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾക്ക് ചതുരശ്ര മീറ്ററിന് 80 രൂപയായും നികുതിനിരക്ക് നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ, 2021-22 ഒന്നാം അർദ്ധവർഷത്തിൽ നികുതിനിർണ്ണയം നടത്തിയ 200 ച.മീറ്ററിന് മുകളിൽ തറവിസ്തൃതിയുള്ള 12/314/A1 നമ്പർ വാണിജ്യാവശ്യത്തിനുള്ള സൂപ്പർമാർക്കറ്റ് വിഭാഗത്തിൽപെടുന്ന കെട്ടിടത്തിന് 200 ച.മീറ്റർ വരെ തറ വിസ്തീർണ്ണം ഉള്ള സൂപ്പർ മാർക്കറ്റ്, ഷോപ്പിംഗ് മാളുകൾക്ക് ബാധകമായ 40 രൂപ നിരക്കിലാണ് നികുതിനിർണ്ണയം നടത്തി ഈടാക്കിയത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| വിസ്തൃതി (ച.മി.) | ച.മീറ്ററിന് 80രൂപ നിരക്കിൽനിർണ്ണയിക്കേണ്ടിയിരുന്ന നികുതി (35% വർദ്ധനവ്, 5% ബഹുനില വാണിജ്യ കെട്ടിടത്തിനുള്ള ഇളവ്, 5% ലൈബ്രറി സെസ് ഉൾപ്പെടെ) | ച. മീറ്ററിന് 40രൂപ നിരക്കിൽ നിർണ്ണയിച്ച നികുതി (35% വർദ്ധനവ്, 5% ബഹുനില വാണിജ്യ കെട്ടിടത്തിനുള്ള ഇളവ്, 5% ലൈബ്രറി സെസ് ഉൾപ്പെടെ) | കുറവ് |
|---|---|---|---|
| 389.82 | 389.82*80=31185.6+10914.96 =42101-2105.02 =39996+2000=41996 | 389.82*40=15592.8+5457.48 =21050.28-1052.514=19997.77 +1000=20998 | 20998 |

മേൽ സൂചിപ്പിച്ച കെട്ടിടത്തിന്റെ വസ്തുനികുതി കുറഞ്ഞ നിരക്കിൽ നിർണ്ണയിച്ചതിന് വിശദീകരണം നൽകുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.14/20.1.2023) പ്രകാരം 2021-22, 2022-23 ലെ വസ്തുനികുതിയിനത്തിൽ ഈടാക്കിയതിൽ കുറവു വന്ന തുകയായ 41998/- രൂപ ഓഡിറ്റ് റിക്കവറി എന്ന ഹെഡിൽ 24.1.2023 തീയതിയിൽ രസീതു നമ്പർ 1220108863/G070902 പ്രകാരം പഞ്ചായത്തുഫണ്ടിൽ അടവാക്കി. എന്നാൽ സഞ്ചയസോഫ്റ്റ് വെയർ പ്രകാരം വസ്തു നികുതി നിരക്കിൽ മാറ്റം വരുത്തി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. ആയത് സഞ്ചയയിൽ മാറ്റം വരുത്തി ഡിമാന്റ് ചെയ്ത് കളക്ഷൻ വിവരങ്ങൾ ഉൾപ്പെടുത്തി ഫോം -6 സഹിതം പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-19 ഒഴിവായി കിടക്കുന്ന കെട്ടിടങ്ങളുടെ വസ്തു നികുതി ഇളവു ചെയ്ത് കൊടുക്കൽ - അപാകതകൾ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും ) ചട്ടങ്ങൾ ചട്ടം 21(1) പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ 60 ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേക്ക് തുടർച്ചയായി 4ാം ചട്ടത്തിൽ പരാമർശിക്കുന്ന ഒരാവശ്യത്തിന് ഉപയോഗിക്കപ്പെടാതെ ഒഴിഞ്ഞു കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയുടെ പകുതിയിൽ കവിയാത്ത തുക സെക്രട്ടറിക്ക് ഇളവ് ചെയ്ത് കൊടുക്കാവുന്നതാണ്. ചട്ടം21(2) പ്രകാരം കെട്ടിട ഉടമയോ അയാളുടെ ഏജന്റോ ആകെട്ടിടം ഒഴിഞ്ഞു കിടക്കുകയാണെന്നോ അല്ലെങ്കിൽ ആ കെട്ടിടം ഏത് തീയതി മുതൽ ഒഴിഞ്ഞ് കിടക്കുമെന്നോ ഉള്ളതിലേക്ക് സെക്രട്ടറിക്ക് നോട്ടീസ് കൊടുത്തിട്ടാല്ലായെങ്കിൽ സെക്രട്ടറി നികുതി ഇളവുചെയ്ത് കൊടുക്കുവാൻ പാടില്ലാത്തതാകുന്നു. ചട്ടം 21(2)സി പ്രകാരം ഏതൊരു നോട്ടീസിന്റേയും കാലാവധി അത് ഏത് അർദ്ധവർഷത്തെ സംബന്ധിച്ചാണോ നൽകുന്നത് ആ അർദ്ധവർഷത്തോടുകൂടി അവസാനിക്കുന്നതും അതിനു ശേഷം അതിന് യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുന്നതും ആകുന്നു

എന്നാൽ ഗ്രാമ പഞ്ചായത്തിലെ 2021-22 ലെ വേക്കൻസി റെമിഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.വിശദ വിവരം ചുവടെ ചേർക്കുന്നു

1) ശ്രീ.സി.ഡി. രാജൻ ചാത്തൻചിറപ്പാട്ട് എന്ന വ്യക്തിയുടെ 17.4.21 ലെ വസ്തു നികുതി ഇളവു നൽകുന്നതിനുള്ള അപേക്ഷയിൽ 16-ാം വാർഡിലെ 604/ C,D,F,G എന്നീ കെട്ടിടങ്ങൾക്ക് വസ്തുനികുതി ഇളവു നൽകുന്നതിന് അപേക്ഷിച്ചിട്ടുണ്ട്. ഏത് അർദ്ധവർഷത്തേക്കാണ് വസ്തുനികുതി ഇളവ് അനുവദിക്കേണ്ടതെന്ന് അപേക്ഷയിൽ കാണിച്ചിട്ടില്ല. ഫയൽ പരിശോധിച്ചതിൽ നിന്നും 16 -ാം വാർഡിലെ 604/ C,F, G എന്നീ കെട്ടിടങ്ങൾക്കാണ് വസ്തുനികുതിയിളവ് നൽകിയിട്ടുള്ളത്. (ഇളവിന്റെ കാലയളവ് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല). എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം16/ 604 /C,D,F,G എന്നീ കെട്ടിടങ്ങൾക്കെല്ലാം 2021-22 സാമ്പത്തിക വർഷത്തിൽ പൂർണ്ണമായും വസ്തു നികുതി ഇളവ് നൽകിയിട്ടുണ്ട്.

2) ചട്ടം 21(3) പ്രകാരം അനുവദിക്കപ്പെടുന്ന ഏതൊരു ഇളവും ഈ ആവശ്യത്തിനായി നിശ്ചയിച്ചിട്ടുള്ള ഫാറം 11 ലുള്ള രജിസ്റ്ററിൽ ചേർക്കേണ്ടതാണ്.

എന്നാൽ ചട്ട പ്രകാരമുള്ള രജിസ്റ്റർ ഗ്രാമ പഞ്ചായത്തിൽ എഴുതി സൂക്ഷിക്കുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.26/23.1.2023) മറുപടി ലഭ്യമായിട്ടില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-20 നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിച്ചിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 പ്രകാരം അംഗീകൃത പ്ലാൻ കൂടാതെയോ, വ്യതിചലിക്കപ്പെട്ട പ്ലാൻ കൂടാതെയോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയോ, നടത്തിക്കൊണ്ടുപോവുകയോ, പൂർത്തിയാക്കുകയോ ചെയ്താൽ അപ്രകാരമുള്ള നിർമ്മാണങ്ങൾ രാജിയാക്കൽ ഫീസ് ഈടാക്കി ക്രമപ്പെടുത്തേണ്ടതാണ്. പ്രാബല്ല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ചട്ടം 95(4). പട്ടിക II പ്രകാരം റസിഡൻഡ്ഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 10 രൂപയുമാണ് പെർമിറ്റ് ഫീസ്.2021-22 ലെ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും സുനി തേക്കുംകാട്ടിൽ എന്ന വ്യക്തിയുടെ A2/9823/21, 12.11.2021 എന്ന അപേക്ഷ പ്രകാരമുള്ള കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിച്ചിട്ടില്ല.വിശദവിവരം ഭാഗം 2-2 ൽ ചേർത്തിട്ടുണ്ട്.

1-21 ബിൽഡിംഗ് റെഗുലറൈസേഷൻ അപേക്ഷകളിൽ തുടർനടപടികൾ സ്വീകരിക്കുന്നില്ല

2021-22 സാമ്പത്തിക വർഷത്തിൽ ഗ്രാമപഞ്ചായത്തിലെ കെട്ടിടങ്ങളുടെ ക്രമ വൽക്കരണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 93(3) പ്രകാരം ക്രമവത്കരണത്തിനുള്ള അപേക്ഷകളിൽ തീർപ്പാക്കൽ നടപടിക്രമം പുതിയ പെർമിറ്റിനുള്ള അപേക്ഷയുടെ കാര്യത്തിലെന്നതുപോലെ തന്നെയായിരിക്കും. ആയതിനാൽ ക്രമവത്കരണത്തിനുള്ള അപേക്ഷകളിലും അപേക്ഷ ലഭിച്ച് 30 ദിവസത്തിനുള്ളിൽ അംഗീകരിക്കുകയോ, നിരസിക്കുകയോ ചെയ്യേണ്ടതാണ്. ക്രമവത്ക്കരണം നിരസിക്കുന്ന അപേക്ഷകളിൽ ചട്ടം 96 (2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ) പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്. എന്നാൽ, 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളിൽ ഇപ്രകാരം നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല.
2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ റെഗുലറൈസേഷനു വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച താഴെപ്പറയുന്ന അപേക്ഷകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഫയൽ നം./തീയതി | അപേക്ഷകന്റെ പേര് | ഉപയോഗ ക്രമം/ കെട്ടിടവിസ്തീർണ്ണം (ച.മീ) |
|---|---|---|---|
| 1 | A2-11225/21 22.12.21 | ഫാ.അനിൽ.എം.വർഗ്ഗീസ് | വാസ ഗൃഹം / 124.65 |
| 2 | A2-9110/2021 21.10.21 | ശോശാമ്മ തരകൻ, സാറാമ്മ ജെസ്ലിൻ | വ്യവസായ ആവശ്യത്തിനുള്ളത്/ 14.82 |
| 3 | A2-2509/22 15.2.2022 | സാറാക്കുട്ടി | മോട്ടോർ ഷെഡ് / 3.67 |
| 4 | A2-33/22 3.1.2022 | കെ.വി വർഗ്ഗീസ്, സാറാമ്മ വർഗ്ഗീസ് | വാണിജ്യാവശ്യത്തിനുള്ളത്/ 119.32 |

1) 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ടിലെ വകുപ്പ് 235എഎ(1) പ്രകാരം അനധികൃത കെട്ടിടങ്ങൾക്ക് പ്രസ്തുത കെട്ടിടം നിയമാനുസൃതമായി നിർമ്മിച്ചതായിരുന്നുവെങ്കിൽ കൊടുക്കേണ്ടി വരുമായിരുന്ന വസ്തുനികുതിയും അതോടൊപ്പം അതിന്റെ രണ്ടിരട്ടി വരുന്ന തുകയും ചേർന്നുള്ള തുക നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങളുടെ വസ്തുനികുതിയായി ഈടാക്കേണ്ടതാണ്. ആയതിന് വേണ്ടി 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 20(1, 2) പ്രകാരം നിയമാനുസൃതമല്ലാതെ നിർമ്മിക്കപ്പെട്ട കെട്ടിടങ്ങൾക്ക് യു എ നമ്പർ നൽകേണ്ടതാണ്. മേൽ സൂചിപ്പിച്ച അപേക്ഷകളുടെ കാര്യത്തിൽ ഇപ്രകാരം യു എ നമ്പർ നൽകി, വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.22/21.1.2023) മറുപടി ലഭ്യമായിട്ടില്ല.
നിയമാനുസൃതമല്ലാതെ നിർമ്മിച്ച കെട്ടിടങ്ങൾ ക്രമവൽക്കരിക്കുന്നതിനു വേണ്ടി ഗ്രാമപഞ്ചായത്തിൽ ലഭിച്ച അപേക്ഷകളിൽ ചട്ടം 93(3) പ്രകാരമുള്ള സമയപരിധിക്കുള്ളിൽ ക്രമവൽക്കരിക്കാത്ത മേൽ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള അപേക്ഷകൾ യു.എ രജിസ്റ്ററിലും സഞ്ചയയിലും യു.എ നമ്പർ നൽകി ഉൾപ്പെടുത്തി ചട്ട പ്രകാരമുള്ള വസ്തുനികുതി പ്രസ്തുത കെട്ടിടം പൊളിച്ചുമാറ്റുന്നതുവരെ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.
2) ഗ്രാമ പഞ്ചായത്തിൽ 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ പൂർണ്ണ വിവരങ്ങൾ പരിശോധനക്കായി ലഭ്യമായിട്ടില്ല.കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് 2021-22 സാമ്പത്തിക വർഷത്തിൽ ലഭിച്ച അപേക്ഷകളുടെ എണ്ണം സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. 2021-22 സാമ്പത്തിക വർഷത്തിൽ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിൽ മുകളിൽ കൊടുത്തിരിക്കുന്ന 4 അപേക്ഷകൾ മാത്രമാണ്

പരിശോധനക്കായി ലഭ്യമായിട്ടുള്ളത്. 2021-22 സാമ്പത്തിക വർഷത്തിൽ കെട്ടിടങ്ങളുടെ ക്രമവൽക്കരണവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്തിൽ ലഭിച്ച ആകെ അപേക്ഷകളുടെ എണ്ണം, പ്രസ്തുത അപേക്ഷകൾ, ആയതിൽ നിരസിച്ചവ, ക്രമവൽക്കരിച്ചവ, നിരസിച്ച അപേക്ഷകളുടെ തുടർ നടപടികൾ എന്നിവ സംബന്ധിച്ച വിവരങ്ങളും ഫയലുകളും പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയത് പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. റഗുലറൈസേഷൻ വിവരങ്ങൾ ഉൾപ്പെടുത്തിയ രജിസ്റ്റർ/സോഫ്റ്റ്കോപ്പി പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

## 1-22 ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

ഗ്രാമ പഞ്ചായത്തിലെ ലൈസൻസ് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന പാരാമെഡിക്കൽ സ്ഥാപനങ്ങൾ 2021-22 വർഷത്തേക്കുള്ള ലൈസൻസ് പുതുക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഡെന്റൽ ഹെൽത്ത് സെന്റർ, മുളന്തുരുത്തി |
| 2 | മാർ ബസേലിയസ് ക്ലിനിക്, മുളന്തുരുത്തി |
| 3 | അലക്സാൻണ്ടേഴ്സ് ക്ലിനിക്, മുളന്തുരുത്തി |
| 4 | എണ്ണക്കാത്തറ ആയുർവേദ ഫിസിയോ തെറാപ്പി ക്ലിനിക് |
| 5 | സെന്റ് ആന്റണീസ് ഡെന്റൽ ക്ലിനിക് |
| 6 | വെട്ടം ഐ ക്ലിനിക് |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.20/20.1.2023) മറുപടിയിൽ ക്രമ നം 1, 2, 3, 4, 5 ലെ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ പുതുക്കിയ വിവരങ്ങളാണ് നൽകിയിട്ടുള്ളത്. ക്രമ നം 6 ലെ സ്ഥാപനത്തിന് വെട്ടം ഐ ഹോസ്പിറ്റലിന്റെ ലൈസൻസ് പുതുക്കിയ വിവരമാണ് മറുപടിയായി നൽകിയിട്ടുള്ളത്. മേൽ സ്ഥാപനങ്ങളുടെ 2021-22 ലേക്കുള്ള ലൈസൻസ് പുതുക്കി ഫീസീടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## 1-23 സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ- രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല

ഗ്രാമപഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന സ്വകാര്യ ആശുപത്രികൾ, പാരാമെഡിക്കൽ സ്ഥാപനങ്ങൾ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 270 പ്രകാരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. എന്നാൽ പഞ്ചായത്തിലെ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും 2021-22 സാമ്പത്തികവർഷത്തിൽ മേൽ വകുപ്പ് പ്രകാരം ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടില്ല. സ്ഥാപനങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് |
|---|---|
| 1 | ഡെക്ക് ലാബ്, മുളന്തുരുത്തി |
| 2 | ഡെന്റൽ സ്ക്വയർ, മുളന്തുരുത്തി |
| 3 | വെട്ടം ഐ ക്ലിനിക് |
| 4 | വെൽ കെയർ ബോസ്പിറ്റൽ<br>വെൽനസ് ക്ലിനിക്, മുളന്തുരുത്തി |
| 5 | ഡി.ഇ.സി ലാബ്, നന്ദനം, പൊന്നുരുത്തി |
| 6 | ഡോ.ജെ.ജെ. ഹോമിയോപ്പതി |
| 7 | മൈ ഡെന്റിസ്റ്റ് ഡെന്റൽ ക്ലിനിക് |

മേൽ സ്ഥാപനങ്ങൾ സ്വകാര്യ ആശുപത്രികളുടെയും, പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ ചട്ടങ്ങൾ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളവയാണെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19/20.1.2023) ലഭ്യമായിട്ടുള്ള മറുപടിയിൽ ക്രമ നം. 1, 2, 5 എന്നീ സ്ഥാപനങ്ങൾ 2022-23 ലേക്കുള്ള രജിസ്ട്രേഷൻ പുതുക്കിയ വിവരങ്ങളാണ് മറുപടിയായി നൽകിയിട്ടുള്ളത്. ബാക്കി സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമായിട്ടില്ല. മേൽ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെ 2021-22 ലേക്കുള്ള രജിസ്ട്രേഷൻ പുതുക്കിയത് ഫീസീടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്

## 1-24 പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ സമയബന്ധിതമായി ചെലവാക്കുന്നില്ല

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ B4,ഷെഡ്യൂൾ പ്രകാരം ഏതാനും പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ 2021-22 വർഷത്തിൽ ചെലവഴിച്ചിട്ടില്ല. 2020-21ൽ

നീക്കിയിരിപ്പുണ്ടായിരുന്ന തുക തന്നെയാണ് ഈവർഷവും ബാക്കിയുള്ളത്. വിശദ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | അക്കൌണ്ട് ഹെഡ് | 31.03.2022ലെ നീക്കിയിരിപ്പ് |
|---|---|---|
| 1, | വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് (320200311) | 150000/- |
| 2, | ആരോഗ്യ കേരള പുരസ്കാരം ((320200399) | 500000/- |
| 3, | മൂലേക്കരിശ് അങ്കണവാടി നിർമ്മാണം (320700104) | 7077/- |
| 4, | കോണോത്തുപുഴ റിനവേഷൻ സംയുക്ത പദ്ധതിക്കായി കൊച്ചി കോർപ്പറേഷനിൽ നിന്നും ലഭിച്ച തുക (320700402) | 500000/- |

മേൽ സൂചിപ്പിച്ച പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾക്കായി ലഭിച്ച തുകകൾ പ്രോജക്ട് തയ്യാറാക്കി ചെലവാക്കാത്തതിനും, ചെലവഴിച്ച ശേഷം ബാക്കിയുള്ള തുകകൾ ഗ്രാന്റ് ലഭ്യമാക്കിയ സ്ഥാപനങ്ങളിലേക്ക് തിരിച്ചടക്കാത്തതിനും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നം. 34/23.01.2023) കോണോത്തുപുഴ റിനവേഷൻ സംയുക്ത പദ്ധതി 2022-23 വർഷം നടപ്പിലാക്കി വരുന്നതായും, മൂലേക്കരിശ് അങ്കണവാടി നിർമ്മാണത്തിന്റെ ബാക്കി തുക മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലേക്ക് തിരിച്ചടക്കാൻ 06.12.2022ന് ഭരണസമിതി തീരുമാനം എടുത്തിട്ടുള്ളതായും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ആരോഗ്യ കേരള പുരസ്കാരവും, വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ടും നിർദേശങ്ങൾക്ക് വിധേയമായി തുക അടിയന്തിരമായി ചെലവാക്കേണ്ടതാണ്. തുടർനടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

### 1-25 ദുരിതാശ്വാസനിധി, പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, ഡെപ്പോസിറ്റുകൾ, മറ്റ് ബാധ്യതകൾ എന്നിവ തനതുചെലവുകൾക്ക് വിനിയോഗിക്കുന്നു

മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-22 വാർഷികധനകാര്യപത്രികയിലെ B17 ഷെഡ്യൂൾ പ്രകാരം 31.03.2022ലെ ഗ്രാമപഞ്ചായത്തിന്റെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പ് 6669422.60/- രൂപയാണ്. എന്നാൽ, ബാലൻസ് ഷീറ്റ് പ്രകാരം ഗ്രാമപഞ്ചായത്തിന് സർക്കാരിൽ നിന്നും, വിവിധ ഏജൻസികളിൽ നിന്നും പ്രത്യേക ഉദ്ദേശ്യങ്ങൾക്കായി ലഭിച്ച ഗ്രാന്റ്, ദുരിതാശ്വാസ നിധി, ഡെപ്പോസിറ്റ് തുകകൾ, ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും, മറ്റ് കരാർ സ്ഥാപനങ്ങളുടെ ബില്ലിൽ നിന്നും കിഴിവ് ചെയ്ത് സർക്കാരിലേക്കും, സർക്കാരിതര ഏൻസികളിലേക്കും അടവാക്കേണ്ട പഞ്ചായത്തിന്റെ വിവിധ ബാധ്യതകൾ എന്നിവ 28228811.90/- രൂപയാണ്.

| ഷെഡ്യൂൾ | ഇനം | തുക |
|---|---|---|
| B2 | ദുരിതാശ്വാസനിധി | 272802.00 |
| B4 | പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ | 10904282.00 |
| B7 | ഡെപ്പോസിറ്റുകൾ | 16405998.00 |
| B9 | സർക്കാരിലേക്കും, സർക്കാരിതര ഏജൻസികളിലേക്കും അടക്കാനുള്ള തുക | 673834.90 |
| ആകെ | | 28256916.90 |

മേൽ സൂചിപ്പിച്ച പട്ടിക പരിശോധിക്കുമ്പോൾ ദുരിതാശ്വാസനിധി, പ്രത്യേക ഉദ്ദേശ ഗ്രാന്റുകൾ, ഡെപ്പോസിറ്റുകൾ, മറ്റ് ബാധ്യതകൾ എന്നിവയുടെ ആകെ നീക്കിയിരിപ്പ് തുകയായ 28256916.90/- രൂപയെങ്കിലും ക്യാഷ്/ബാങ്ക് നീക്കിയിരിപ്പായി ഉണ്ടാകേണ്ടതാണ്. എന്നാൽ RP40(b) ഷെഡ്യൂൾ പ്രകാരം 31.03.2022ന് ഗ്രാമപഞ്ചായത്തിന്റെ ക്യാഷ്/ബാങ്ക് നീക്കിയിരിപ്പ് 6669422.60/- രൂപ മാത്രമാണ്. മേൽ അപാകതയിൽ വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 1/18.01.23) മറുപടി ലഭിച്ചില്ല. മറ്റ് വകുപ്പുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും പ്രത്യേക ആവശ്യത്തിന് വേണ്ടി ഗ്രാമപഞ്ചായത്തിന് ലഭിച്ച് തനത് ഫണ്ട് അക്കൗണ്ടിൽ മുതൽക്കൂട്ടിയ തുകയിൽ നിന്നുമാണ് നിലവിൽ പഞ്ചായത്തിന്റെ തനത് ആവശ്യങ്ങൾക്കായുള്ള ചെലവുകൾ നടത്തുന്നത്. നിലവിലുള്ള തനത് ഫണ്ട് ഇനങ്ങൾ പൂർണ്ണമായും പിരിച്ചെടുക്കുന്നതിനും നിയമം അനുശാസിക്കുന്ന പുതിയ തനത് ഫണ്ട് സ്രോതസ്സുകൾ കണ്ടെത്തുന്നതിനും പഞ്ചായത്ത് നടപടി സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

### 1-26 സാമൂഹ്യസുരക്ഷാപെൻഷൻ-അപാകതകൾ

ഗ്രാമ പഞ്ചായത്തിലെ പെൻഷൻ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

സാമൂഹ്യസുരക്ഷാപെൻഷനുള്ള അർഹതാ മാനദണ്ഡങ്ങൾ/നിർദേശങ്ങൾ ഭേദഗതി ചെയ്തുകൊണ്ടുള്ള 23-9-2020 ലെ സ.ഉ(എം.എസ്) നം. 97/2020/ധന ഉത്തരവ് പ്രകാരം മരണപ്പെട്ടവരുടെ വിവരങ്ങൾ

ശേഖരിച്ച് അതത് മാസം പെൻഷൻ ഡാറ്റാ ബേസിൽ നിന്ന് നീക്കം ചെയ്യുന്നതിനും, ഗുണഭോക്താവ് മരണപ്പെട്ടതിന് ശേഷം അനന്തരാവകാശികൾ കൈപ്പറ്റിയിട്ടുള്ള തുകകൾ അനന്തരാവകാശികളിൽ നിന്ന് തിരിച്ച് പിടിച്ച് മുതൽ കൂട്ടുവാനും പ്രാദേശിക സർക്കാർ സെക്രട്ടറിമാർ ബാധ്യസ്ഥരാണ്.

ധനകാര്യ വകുപ്പിന്റെ സർക്കുലർ നമ്പർ എസ്.എഫ്.സി -ബി2 /53/2017 /ധന. തീയതി 22.01.2018 പ്രകാരം മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/റിപ്പോർട്ട് ചെയ്താൽ പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകേണ്ടതാണ്. ഒരു ഗുണഭോക്താവ് മരണപ്പെട്ട് / പുനർവിവാഹം ചെയ്ത വിവരം ആ ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിൽ റിപ്പോർട്ട് ചെയ്ത ശേഷവും സാമൂഹ്യസുരക്ഷാപെൻഷൻ റദ്ദാക്കാതെ തുടർന്നും അനുവദിക്കുകയാണെങ്കിൽ അത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറിയുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

ഗ്രാമപഞ്ചായത്തിലെ മരണ റിപ്പോർട്ടുകൾ ആസ്പദമാക്കി സാമൂഹ്യസുരക്ഷാപെൻഷൻ വിതരണം പരിശോധിച്ചതിൽ, ഗുണഭോക്താക്കളുടെ മരണത്തെ തുടർന്ന് പെൻഷൻ വിതരണം അവസാനിപ്പിക്കുന്നത് സംബന്ധിച്ച് അപാകതകൾ കാണുന്നു. പരിശോധനയിൽ കണ്ട ഏതാനും അപാകതകൾ താഴെ ചേർക്കുന്നു.

| ക്രമ നം | പെൻഷനറുടെ പേര് | പെൻഷൻ തരം | മരണം നടന്ന തീയതി (ഡെത്ത് രജിസ്റ്റർ പ്രകാരം) | പെൻഷൻ വിതരണ കാലയളവ് | റിമാർക്സ്/ നിലവിലെ അവസ്ഥ |
|---|---|---|---|---|---|
| 1 | രാമ ചന്ദ്രൻ നായർ (എറണാകുളം നെടുമ്പാശ്ശേരി പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 30.12.2020 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 2 | ടി.എം പൌലോസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 16.1.21 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 3 | തോമസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 18.1.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 4 | രാജപ്പൻ കെ.കെ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.2.2021 | 4/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 5 | സാറ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3.2.2021 | 6/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 6 | അംബുജാക്ഷൻ കെ.എൻ | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 9.1.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 7 | ചിന്നമ്മ അച്ചപ്പൻ (എറണാകുളം - കൊച്ചി കോർപ്പറേഷൻ) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 6.1.2021 | 2/21 മുതൽ 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിക്കുവാൻ സാധിച്ചിട്ടില്ല | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 8 | മേരി ആൻറണി (എറണാകുളം - ചോറ്റാനിക്കര ഗ്രാമ പഞ്ചായത്ത്) | കർഷക തൊഴിലാളി പെൻഷൻ | 24.7.2021 | 11/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് ആക്ടീവായി തുടരുന്നു |
| 9 | രാജൻ കെ.ജി (എറണാകുളം ആമ്പല്ലൂർ പഞ്ചായത്ത്) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 10.7.2021 | 4/22 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |
| 10 | വർക്കി | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 3.4.2021 | 10/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

| | | | | | |
|---|---|---|---|---|---|
| 11 | ലീലാമ്മ പൌലോസ് | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 26.7.21 | 12/21 വരെ തുക അക്കൌണ്ടിൽ നിക്ഷേപിച്ചു | അക്കൗണ്ട് സസ്പെന്റ് ചെയ്തിട്ടുണ്ട് |

1) ഗ്രാമപഞ്ചായത്തിലെ പെൻഷൻ ഫയലുകൾ പരിശോധിച്ചതിൽ നിന്നും മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൗണ്ടുകളിലേക്ക് ഗുണഭോക്താക്കളുടെ മരണശേഷം നിലവിലും പെൻഷൻ തുക നിക്ഷേപിക്കുന്നുണ്ട്.
2) പെൻഷണറുടെ മരണശേഷം ആക്ടീവ് ആയി തുടരുന്ന മേൽ സൂചിപ്പിച്ചിരിക്കുന്നതുൾപ്പെടെയുള്ള നിരവധി പെൻഷൻ അക്കൌണ്ടുകൾ നിലവിലും സസ്പെൻഡ് ചെയ്തിട്ടില്ല.
3) ക്രമ നം.1,7,8,9 പ്രകാരം മറ്റ് പ്രാദേശിക സർക്കാരുകളുടെ പരിധിയിൽ വരുന്ന ഗുണഭോക്താക്കൾ പെൻഷൻ അനധികൃതമായി കൈപ്പറ്റിയത് തിരിച്ചുപിടിക്കുന്നതിന് അതാത് ഗ്രാമ പഞ്ചായത്ത്/നഗരസഭ സെക്രട്ടറിമാർക്ക് ആയത് സംബന്ധിച്ച് വിവരം നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ പരിശോധനക്കായി ലഭ്യമാക്കുവാനും പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട മറ്റ് അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനുമായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/24.1.2023) മറുപടി ലഭ്യമായിട്ടില്ല.
ഗ്രാമപഞ്ചായത്തിലെ മരണ രജിസ്ട്രേഷൻ സെക്ഷൻ സാമൂഹ്യസുരക്ഷാപെൻഷൻ സെക്ഷനിലേക്ക് റിപ്പോർട്ട് നൽകി തുടർ നടപടികൾ സ്വീകരിച്ച് പരാമർശത്തിലെ ഗുണഭോക്താക്കൾ അനർഹമായി കൈപ്പറ്റിയിട്ടുള്ള/ബാങ്കിന് കൈമാറിയിട്ടുള്ള തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടവാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ പരാമർശത്തിൽ ഉൾപ്പെടാത്ത അനർഹമായി പെൻഷൻ തുകകൾ കൈപ്പറ്റിയിട്ടുള്ള നഗരസഭയിലെ മുഴുവൻ ഗുണഭോക്താക്കളുടേയും പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനും തുകകൾ തിരിച്ച് പിടിച്ച് സർക്കാരിലേക്ക് അടക്കുന്നതിനുമുള്ള നടപടികൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്വീകരിക്കേണ്ടതുമാണ്.
മറ്റേതെങ്കിലും പ്രാദേശിക സർക്കാരിന്റെ പരിധിയിൽ മരണം/പുനർ വിവാഹം നടന്നാൽ/സംഭവിച്ചാൽ/ആയത് നഗരസഭയിൽ റിപ്പോർട്ട് ചെയ്യുന്നത് പ്രസ്തുത പ്രാദേശിക സർക്കാർ സെക്രട്ടറി ഗുണഭോക്താവിന്റെ സ്വന്തം പ്രാദേശിക സർക്കാരിലേക്ക് ഇത് സംബന്ധിച്ച് അറിയിപ്പ് നിർബന്ധമായും നൽകി പെൻഷൻ സസ്പെന്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-27 തെരുവ് വിളക്ക് പരിപാലനം -രേഖപ്പെടുത്തലുകളിലെ അവ്യക്തത.

തെരുവ് വിളക്ക് പരിപാലനം – വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങൾക്ക് വ്യക്തതയില്ല.

പ്രൊജക്ട് നം:81/22

ചെലവ് :499000രൂപ.

(ചെക്ക് നം.--------)

കരാറുകാരന്റെ പേര്:റിച്ച് എഞ്ചിനീയേഴ്സ്, മുളന്തുരുത്തി.

(റീന വിജു)

ഈ പ്രവർത്തിക്കായി കരാറുകാരനുമായി ചമച്ച ഉടമ്പടി പ്രകാരം (കരാർ ഉടമ്പടി നം.1/2021-22തി.5.8.2021) ആകെ പോസ്റ്റുകളുടെ എണ്ണം 774,ഒരു വാർഡിലെ പോസ്റ്റുകളുടെ എണ്ണം48,ആകെ വാർഡുകൾ 16,നിരക്ക് പോസ്റ്റൊന്നിന് 645രൂപ എന്നിങ്ങനെയാണ്.ഇപ്രകാരം 499000രൂപ കരാറുകാരന് നൽകിയിട്ടുണ്ട്.

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)കരാർ ഉടമ്പടിയിൽ പറയുന്ന ആകെ വാർഡുകളുടെ എണ്ണവും(16) വാർഡിലെ ആകെ പോസ്റ്റുകളുടെ എണ്ണവും(48എണ്ണം) ആകെ അറ്റകുറ്റപ്പണി നടത്തേണ്ട പോസ്റ്റുകളുടെ എണ്ണവുമായി (774 എണ്ണം)പൊരുത്തപ്പെടുന്നില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.10/20.1.2023) ലഭ്യമാക്കിയ മറുപടിയിൽ ഗ്രാമപഞ്ചായത്തിൽ ആകെ 1536 തെരുവ് വിളക്കുകൾ ഉണ്ടെന്നും അവയിൽ ഓരോ വാർഡിൽനിന്നും 48 എണ്ണം വീതം 768 എണ്ണത്തിനും കൂടാതെ പ്രത്യേകം പരാതി കിട്ടിയ 6എണ്ണത്തിനും മാത്രമാണ് പരിപാലനത്തിനുള്ള കരാർ നൽകുന്നത് എന്ന് വ്യക്തമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ അനിവാര്യചുമതലകളിലൊന്നായ തെരുവ് വിളക്ക് പരിപാലനത്തിന് ഭാഗീകമായി മാത്രം കരാർ നല്കുന്ന പ്രവണത ഒഴിവാക്കേണ്ടതാണ്.

2)വാർഡ് മെമ്പർമാർ ലഭ്യമാക്കിയിരിക്കുന്ന സാക്ഷ്യപ്പെടുത്തലുകളിൽ താഴെ പറയുംവിധം പൊരുത്തപ്പെടുത്തലുകൾ കാണുന്നു.

ലഭ്യമാക്കിയിരിക്കുന്ന പ്രസ്താവനകളിൽ അറ്റകുറ്റപ്പണി നടത്തിയിരിക്കുന്ന തെരുവ് വിളക്കുകളുടെ എണ്ണം ആദ്യം പറഞ്ഞിട്ടുണ്ട്. ഇതാണ് താഴത്തെ പട്ടികയിലെ ആദ്യത്തെ കോളത്തിൽ കാണിച്ചിരിക്കുന്നത്.തുടർന്ന് പ്രസ്താവനയുടെ താഴെ അറ്റകുറ്റപ്പണി നടത്തിയവുടെ എണ്ണം, ഇൻസ്റ്റാൾ ചെയ്തവയുടെ എണ്ണം എന്നിവ പ്രത്യേകം വീണ്ടും കാണിച്ചിരിക്കുന്നത് അവ്യക്തത ഉളവാക്കുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| വാർഡ് | ഇൻസ്റ്റാൾ/അറ്റകുറ്റപ്പണി | ഇൻസ്റ്റാൾ | അറ്റകുറ്റപ്പണി |
|---|---|---|---|

| നം. | ചെയ്തവയുടെ | ചെയ്തവയുടെ എണ്ണം | നടത്തിയവയുടെ എണ്ണം |
|---|---|---|---|
| 2 | ഇല്ല | ഇല്ല | ഇല്ല |
| 3 | 49 | 5 | 4 |
| 7 | 48 | 10 | 4 |
| 11 | 48 | 48 | 1 |
| 16 | 49 | 25 | 5 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങളിൽ ആകെ എണ്ണമായി ആദ്യം പറഞ്ഞിരിക്കുന്നത് ആകെ അറ്റകുറ്റപ്പണികൾ നടത്തിയ തെരുവ് വിളക്കുകളുടെ എണ്ണമാണെന്നും ഇതേ തെരുവ് വിളക്കുകളിൽ വീണ്ടും അറ്റകുറ്റപ്പണികൾ നടത്തിയതിന്റെ തവണകളാണ് വീണ്ടും കാണിച്ചിരിക്കുന്നത് എന്നും വ്യക്തമാക്കുകയുണ്ടായി. ഒരു പോസ്റ്റിൽ എത്ര തവണ അറ്റകുറ്റപ്പണി നടത്തിയെന്നത് കരാറിൽ അപ്രസക്തമായിരിക്കെ ഇത്തരത്തിൽ അവ്യക്ത ഉളവാക്കുന്ന രേഖപ്പെടുത്തലുകൾ ഒഴിവാക്കേണ്ടതാണ്.

ബി)വാർഡ് നം 2 ൽ അറ്റകുറ്റപ്പണികൾ ഒന്നും നടത്തിയതായി കാണുന്നില്ല.

വാർഡ് മെമ്പറുടെ സാക്ഷ്യപ്പെടുത്തൽ പ്രകാരം വാർഡ് നമ്പർ 2ൽ അറ്റകുറ്റപ്പണികൾ നടത്തിയതായി കാണുന്നില്ല. എന്നാൽ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി വാർഡിൽ 48പോസ്റ്റുകളിലും അറ്റകുറ്റപ്പണികൾ നടപ്പിലാക്കിയിട്ടുണ്ട് എന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുക അനുവദിക്കുമ്പോൾ വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## 1-28 ലീവ് സറണ്ടർ ചെയ്തത് ക്രമവിരുദ്ധം.

സർക്കാർ ഉത്തരവ് നം.(പി)152/2020/ധന തിയ്യതി.5.11.2020പ്രകാരം സർക്കാർ ജീവനക്കാരുടെ ലീവ് സറണ്ടർ തുക പി.എഫിൽ ലയിപ്പിക്കാമെന്നും ഈ തുക 2021 ജൂൺമാസം മുതൽ പിൻവലിക്കാമെന്ന വ്യവസ്ഥയിന്മേലും 2020നവമ്പർ മുതൽ അനുവദിച്ചിരുന്നു. അടുത്ത വർഷത്തെ ലീവ് സറണ്ടർ 2021 ജൂൺ മുതലേ അനുവദിക്കുകയുള്ളുവെന്നും ഈ ഉത്തരവിൽ വ്യക്തമാക്കിയിരുന്നു. എന്നാൽ ഇത്തരം ഒരു അനുവാദം നൽകിക്കൊണ്ടുള്ള ഉത്തരവ് തുടർന്ന് ലഭ്യമായില്ലയെങ്കിലും മുളന്തുരുത്തി ഗ്രാമപഞ്ചായത്തിലെ 7 ജീവനക്കാരുടെ ലീവ് സറണ്ടർ 26.7.2021ന് അനുവദിക്കുകയുണ്ടായി. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനം | ജീവനക്കാരന്റെ പേര് | തസ്തിക | അനുവദിച്ച തുക |
|---|---|---|---|
| 1 | മനോജ് കുമാർ.കെ | ജൂനിയർ സൂപ്രണ്ട് | 61272 |
| 2 | സിനി.എം.ഡി | സീനിയർ ക്ലർക്ക് | 50616 |
| 3 | നമിത.എം.ആർ | സീനിയർ ക്ലർക്ക് | 49395 |
| 4 | ബിന സൂസൻ ഫിലിപ്പ് | സീനിയർ ക്ലർക്ക് | 45843 |
| 5 | സത്യൻ.പി.ജി | സീനിയർ ക്ലർക്ക് | 46953 |
| 6 | ഷാജി.വി.ആർ | ക്ലർക്ക് | 53058 |
| 7 | ബിന്ദു.പി.ബി | ക്ലർക്ക് | 33633 |
| ആകെ | | | 340770 |

(368827രൂപ,വൗച്ചർ നം.22100479/26.7.2021)എന്നാൽ തുടർന്ന് സർക്കാർ ഉത്തരവ് നം.(പി)104/2021 /ഫിൻ തിയ്യതി 26.7.2021 ഉത്തരവിലൂടെ 1.6.2021 പ്രാബല്യത്തോടെ ലീവ് സറണ്ടർ ആനുകൂല്യം വീണ്ടും ആറ് മാസത്തേക്ക് കൂടി മാറ്റിവെക്കുകയാണുണ്ടായത്. ഈ സാഹചര്യത്തിൽ വ്യക്തമായ ഉത്തരവിന്റെ അഭാവത്തിൽ ലീവ് സറണ്ടർ അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (23/21.1.2023) ലഭ്യമാക്കിയ മറുപടിയിൽ സർക്കാർ ഉത്തരവ് നം. (പി)104/2021/ഫിൻ തിയ്യതി26.7.2021 പ്രകാരം ഉത്തരവ് തിയ്യതിയിൽ ട്രഷറിയിൽ പെൻഡിംഗ് ആയിനിൽക്കുന്ന ബില്ലുകൾക്കുമാത്രമാണ് ബാധകമെന്ന് ഇത് ബാധകമായിരിക്കുന്നതെന്ന് ഉത്തരവിൽതന്നെ വ്യക്തമാക്കിയിട്ടുണ്ടെന്നും ആയതിനാൽ ഉത്തരവിന് മുമ്പ് ലീവ് സറണ്ടർ ചെയ്തത് ഉത്തരവിന് വിരുദ്ധമല്ലയെന്നും മറുപടി ലഭ്യമാക്കിയത് ഉത്തരവിന്റെ അന്തസത്തക്ക് വിരുദ്ധമായ വ്യാഖ്യാനമാണ്. ഇത്തരം പ്രവണതകൾ ഒഴിവാക്കേണ്ടതും സർക്കാർ ഉത്തരവിന് വിരുദ്ധമായി തുക ചെലവഴിച്ചതിനാൽ 340770/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-29 കുടിവെള്ള വിതരണം-അപാകങ്ങൾ

പഞ്ചായത്തിൽ 18.03.2021 മുതൽ 15.6.2021 വരെ കുടിവെള്ള വിതരണം നടത്തിയ ഇനത്തിൽ 232200

രൂപ ശ്രീ.സജി വർഗ്ഗീസ് എന്ന കരാറുകാരന് നൽകിയിട്ടുണ്ട്. (100000രൂപ,ചെക്ക് നം.107690/തീ.11.6.2021, 132200/- രൂപ, വൗച്ചർ നം.42100087/20.11.2021) ഇതുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)സ ഉ(സാധാ) നം.446/2021/ തസ്വഭവ 15.02.2021 ൽ ജില്ലാതലത്തിൽ റവന്യൂ അധികാരികൾക്ക് മോണിറ്ററിംഗ് നടത്തുവാൻ കഴിയുന്ന സംവിധാനവും ജി പി എസ് ട്രാക്കിംഗിനുള്ള സംവിധാനവുംഏർപ്പെടുത്തേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ജി പി എസ് ലോഗും വാഹനത്തിന്റെ ലോഗ് ബുക്കും ക്രോസ് ചെക്ക് ചെയ്ത് സുതാര്യത ഉറപ്പുവരുത്തിയ ശേഷം തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിമാർ ചെലവ് തുക വിനിയോഗിക്കേണ്ടതാണെന്നും ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ വാഹനത്തിന്റെ ജി പി എസ് ട്രാക്ക് റെക്കോർഡ് ലഭ്യമല്ല. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/24.1.2023) ലഭ്യമാക്കിയ മറുപടിയിൽ ജി.പി.എസ് സ്റ്റേറ്റ്മെന്റ് ഫയലിൽ ലഭ്യമാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിരിക്കുന്നത് വസ്തുതാപരമല്ല. (ലഭ്യമാക്കിയിരിക്കുന്നത് എക്സൽ ഷീറ്റിൽ തയ്യാറാക്കിയിരിക്കുന്ന വാഹനത്തിന്റെ യാത്രാവിവരണങ്ങളാണ്). ജലവിതരണത്തിന്റെ കൃത്യത ഉറപ്പാക്കുന്നതിന് ജി.പി.എസ്. സംവിധാനം ഉറപ്പാക്കേണ്ടതാണ്.

2)വാട്ടർ സാംപിൾ ടെസ്റ്റ് ചെയ്ത് വിതരണയോഗ്യമാണെന്ന് സാക്ഷ്യപത്രം ലഭിച്ചിട്ടുള്ള കിണറ്റിൽ നിന്നാണോ കുടിവെള്ളം വിതരണം ചെയ്തിട്ടുള്ളതെന്ന് ഉറപ്പാക്കുന്നതിന് യാതൊരു രേഖയും ഫയലിലില്ല. കുടിവെള്ളം വിതരണം ചെയ്തത് 15.6.2021 ആയിരിക്കെ മറുപടിയായി ലഭ്യമാക്കിയിരിക്കുന്ന ടെസ്റ്റ് സർട്ടിഫിക്കേറ്റ് 25.2.2022 തീയതിയിലേതാണ്. ടെസ്റ്റ് ചെയ്ത് ഗുണമേന്മ ഉറപ്പുവരുത്തിയശേഷം മാത്രമേ ജലവിതരണം നടത്തുന്നുള്ളുവെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

1-30 വാഹനങ്ങൾ സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ഇൻഷ്വർ ചെയ്യേണ്ടതാണ്.

18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവ് പ്രകാരം എല്ലാ സർക്കാർ വാഹനങ്ങളും കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിലാണ് ഇൻഷ്വർ ചെയ്യേണ്ടത്. എന്നാൽ മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് ഉടമസ്ഥതയിലുള്ള ആംബുലൻസ് (നം.KL39 R2716) ജീപ്പ് (കെ.എൽ39കെ0321) എന്നിവ ന്യൂ ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയിലാണ് ഇൻഷ്വർ ചെയ്തിരിക്കുന്നത്. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്കുള്ള (13/20.1.2023)മറുപടിയായിൽ സൂചിപ്പിച്ചിരിക്കുന്നതുപോലെ തുടർ വർഷങ്ങളിൽ വാഹനങ്ങളുടെ ഇൻഷ്വറൻസ് സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ ചെയ്യുന്നുവെന്ന് ഉറപ്പാക്കേണ്ടതാണ്.

1-31 ഹോണറേറിയം സാക്ഷരതാ മിഷനിൽനിന്നും ലഭ്യമാക്കേണ്ടതാണ്.

സംസ്ഥാന സാക്ഷരതാമിഷനിൽനിന്നുമുള്ള എ1/26 തി.3.4.2021കത്ത് പരിഗണിച്ച് സർക്കാർ ഉത്തരവ് നം (എം.എസ്) നം 626/2021/LSGD തി.26.2.2021 ന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിലെ സാക്ഷരതാ പ്രേരക് മാരുടെ 12/2020, 1/2021, 2/2021, 3/2021മാസങ്ങളിലെ ഹോണറേറിയം ഇനത്തിൽ 16920/-രൂപ വൗച്ചർ നം. 221000213/29.5.2021 മുഖേന നൽകിയിട്ടുണ്ട്.മുകളിൽ സൂചിപ്പിച്ചിരിക്കുന്ന ഉത്തരവ് പ്രകാരം ഈ തുക സാക്ഷരതാമിഷനിൽ നിന്നും തിരികെ ലഭിക്കേണ്ടതുണ്ട്. ഇക്കാര്യം ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(11/20.1.2023) മറുപടി ലഭ്യമാക്കുകയുണ്ടായില്ല. തുക തിരികെ ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്. തുക ലഭ്യമായിട്ടില്ലയെങ്കിൽ ആയത് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-32 അലിവ് പദ്ധതി-കുടിശ്ശിക തുകയിലെ അവ്യക്തത-668080 രൂപ തടസ്സപ്പെടുത്തുന്നു.

വൃക്ക രോഗികൾക്ക് സൗജന്യ ഡയാലിസിസ് സൗകര്യം ലഭ്യമാക്കുന്ന അലിവ് പ്രൊജക്ടിന്റെ (പ്രൊജക്ട് നം.24/22) ഭാഗമായി 2021-22വർഷത്തിൽ 9,08,580രൂപ ചെലവഴിച്ചിട്ടുണ്ട്. ഫയലിൽ ലഭ്യമാക്കിയിരിക്കുന്ന രേഖകൾ പ്രകാരം ഈ തുകയിൽ 240500 രൂപ തൻവർഷത്തെ ചെലവായും അവശേഷിക്കുന്ന 668080രൂപ മുൻവർഷങ്ങളിലെ കുടിശ്ശിക തുകയായുമാണ് നൽകിയിരിക്കുന്നത്. രോഗികൾക്ക് ഡയാലിസിസ് ചെയ്തുകൊടുക്കുന്ന പി.എസ്.മിഷൻ ഹോസ്പിറ്റൽ, മരടിനാണ് തുകകൾ നൽകിയിരിക്കുന്നത്.

തുകകൾ നൽകിയിരിക്കുന്നതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നൽകിയ തുക | ബിൽ നം/തിയ്യതി. |
|---|---|---|
| 1 | 193325 | 2110652008600179548/7.7.2021 |
| 2 | 47175 | 2110652008600276080/7.8.2021 |
| 3 | 168080 | 211065200860116327/14.2.2022 |
| 4 | 500000 | ചെക്ക് നം/30.3.2022 |

ഇത് സംബന്ധിച്ച് താഴെ പറയുന്ന അപാകങ്ങൾ ശ്രദ്ധയിൽ പെട്ടു.

1)കുടിശ്ശിക തുക സംബന്ധിച്ച രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 8.4.2021 തീയ്യതിയിലെ 1/02 നമ്പർ തീരുമാനങ്ങളുടെ മിനുട്സിലെ രേഖപ്പെടുത്തൽ പ്രകാരം 31.3.2021 വരെയുള്ള കുടിശ്ശികയായി പി.എസ്.മിഷൻ ആശുപത്രിക്ക് നൽകുവാനുള്ളത് 640965/- രൂപയാണ്. ഇതിൽ 300000/-രൂപ ഉടൻതന്നെ തനത് ഫണ്ടിൽനിന്നും നൽകുന്നതിന് സെക്രട്ടറിയോട് ആവശ്യപ്പെടുന്നതായും മിനുട്സിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറി 8.10.2021തിയ്യതിയിൽ മെഡിക്കൽ ഓഫീസർക്ക് നൽകിയ എ4-7492/21നമ്പർ കത്തിൽ മുകളിൽ സൂചിപ്പിച്ച തീരുമാന പ്രകാരം 300000/-രൂപ നൽകിയതായും വ്യക്തമാക്കുന്നുണ്ട്. ഇപ്രകാരം നോക്കുമ്പോൾ കുടിശ്ശികയായി പിന്നീട് അവശേഷിക്കുന്നത് 340965/- രൂപയാണ്. എന്നാൽ സെക്രട്ടറിയുടെ മുകളിൽ സൂചിപ്പിച്ച കത്തിൽ കുടിശ്ശികയായി ആശുപത്രിയിൽനിന്നും അറിയിച്ചിരിക്കുന്നത് 1,47,640/-രൂപയാണെന്നും ആയത് നൽകുന്നതിനായി റക്വിസിഷൻ ലഭ്യമാക്കുന്നതിന് മെഡിക്കൽ ഓഫീസറോട് ആവശ്യപ്പെടുകയും ചെയ്യുന്നുണ്ട്. എന്നാൽ മെഡിക്കൽ ഓഫീസറുടെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്കുള്ള 20.1.2022ലെ 220/2021 നമ്പർ കത്തിൽ കുടിശ്ശിക തുക 168080/-രൂപയാണെന്നാണ് വ്യക്തമാക്കിയിരിക്കുന്നത്. ഈ തുകകളിൽനിന്നെല്ലാം വ്യത്യസ്ഥമായി മുകളിൽ പട്ടികയിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരം 668080/- രൂപ കുടിശ്ശികയായി നൽകുകയും ചെയ്തിട്ടുണ്ട്. ഇത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (28/23.1.2023)

മറുപടി ലഭ്യമാക്കിയിട്ടില്ല.

1)31.3.2021ലെ കുടിശ്ശിക തുക വ്യക്തമാക്കുന്ന ആശുപത്രിയിൽനിന്നുള്ള കത്തുകൾ, നിർവ്വഹണോദ്യാഗസ്ഥന്റെ രേഖപ്പെടുത്തലുകൾ പ്രകാരമുള്ള കുടിശ്ശിക തുക, ആയതിനെ സാധൂകരിക്കുന്ന മറ്റ് രേഖകൾ.

2)നൂതന പദ്ധതി എന്ന നിലയിൽ ഈ പ്രൊജക്റ്റിന് 2021-22വർഷത്തിൽ ഡി.പി.സി യുടെ അനുമതി ലഭ്യമായിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ.

മറുപടിയുടെ അഭാവത്തിൽ കുടിശ്ശികയായി നൽകിയ 668080/- രൂപ തടസ്സപ്പെടുത്തുന്നു. കുടിശ്ശിക തുക സംബന്ധിച്ച രേഖകളും നൂതന പദ്ധതി അംഗീകാരം സംബന്ധിച്ച രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-33 വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല-ചെലവു തുകയായ 20000/- രൂപ തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ സി.എച്ച്.സി ഗ്രാമ പഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് /നം | ഏർലി ഡിറ്റക്ഷൻ ഫീൽഡ് സ്ക്രീനിംഗ് അടിസ്ഥാന സൗകര്യം ഒരുക്കൽ ,72/2021-22 |
| അടങ്കൽ തുക | 20000/-(തനതു ഫണ്ട്) |
| ചെലവു തുക | 20000/-(തനതു ഫണ്ട്) |
| ചെക്ക് നം/തീയതി | 5481262/24.12.21 |

മേൽ പദ്ധതി പ്രകാരം എറണാകുളം ജില്ലാപഞ്ചായത്തിൽ നിന്നുള്ള DP-13/1043/21, 26.11.21 തീയതിയിലെ കത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ പഞ്ചായത്തിന്റെ സംയുക്ത അക്കൗണ്ടായ 799013100000010 -ലേക്ക് ഗ്രാമ പഞ്ചായത്ത് വിഹിതമായി 20000/- രൂപ മെഡിക്കൽ ഓഫീസർ ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ആയതിന്റെ വിനിയോഗസാക്ഷ്യപത്രം പരിശോധനക്കായി ലഭ്യമായിട്ടില്ല. ആയത് ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/23.1.2023) മറുപടി ലഭ്യമായിട്ടില്ല. വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കുന്നതു വരെ 20000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 ക്വട്ടേഷൻ പഞ്ചായത്തു കമ്മറ്റിയിൽ അംഗീകരിക്കാതെ പദ്ധതി നടപ്പിലാക്കി

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽ ഓഫീസർ ആയുർവേദം ഗ്രാമ പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതിയുടെ വിശദ വിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര്/നം | ആയുർവേദ പഞ്ചകർമ്മ ചികിൽസ , 66/2021-22 |
| അടങ്കൽ തുക | 497389/- (തനതു ഫണ്ട്) |
| ചെലവ് തുക | 221511/-(തനതു ഫണ്ട്) |
| ചെക്ക് നം./തീയതി | ലഭ്യമായിട്ടില്ല |

മേൽ പദ്ധതിയുടെ ഭാഗമായി ആയുർവേദ ഡിസ്പെൻസറിയിൽ പഞ്ചകർമ്മ ചികിൽസ ആരംഭിക്കുന്നതിന്റെ ഭാഗമായി റൂം സജ്ജമാക്കുന്നതിനു വേണ്ടി പാർട്ടീഷൻ വാൾ നിർമ്മിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചിട്ടുണ്ട്. ലഭിച്ച ക്വട്ടേഷനുകളിൽ നിന്നും ഏറ്റവും കുറഞ്ഞതുക ക്വാട്ട് ചെയ്ത മനോജ്

കുമാർ എന്ന വ്യക്തിക്ക് 45000/- രൂപ നൽകിയിട്ടുണ്ട്. ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന അപാകതകൾ കാണുന്നു.

1) ഏറ്റവും കുറഞ്ഞതുക ക്വാട്ട് ചെയ്ത മനോജ് കുമാർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ അംഗീകരിച്ചു കൊണ്ടുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം പരിശോധനക്കായി ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.3/19.1.2023) ലഭ്യമായ മറുപടിയിൽ പഞ്ചകർമ്മ ചികിൽസ ആരംഭിക്കുന്നതിന്റെ ഭാഗമായി റൂം സജ്ജമാക്കുന്നതിനു വേണ്ടി പാർട്ടിഷൻ വാൾ നിർമ്മിക്കുന്നതിന് ക്വട്ടേഷൻ ക്ഷണിച്ച് പ്രവ്യത്തി പൂർത്തീകരിക്കുന്നതിനുള്ള അനുമതി നിർവഹണോദ്യോഗസ്ഥയായ ആയുർവേദ മെഡിക്കൽ ഓഫീസർക്ക് നൽകി തീരുമാനിച്ചതിന്റെ പഞ്ചായത്ത് കമ്മറ്റി തീരുമാനം(നം.1/4,29.9.2021) ഹാജരാക്കിയിട്ടുണ്ട്. മെഡിക്കൽ ഓഫീസർ എന്ന നിലയിൽ സാങ്കേതികമായ കാര്യങ്ങൾ അറിയില്ലായിരുന്നെന്നും പണി പൂർത്തീകരിച്ചിട്ടുണ്ടെന്നും മറുപടി നൽകിയിട്ടുണ്ട്. പഞ്ചായത്തുകമ്മറ്റിയിൽ അംഗീകരിക്കാതെ മനോജ് കുമാർ എന്ന വ്യക്തിയുടെ ക്വട്ടേഷൻ മെഡിക്കൽ ഓഫീസർ അംഗീകരിച്ചത് ചട്ട വിരുദ്ധമാണ്. ഭാവിയിൽ ഇത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ പഞ്ചായത്തുകമ്മറ്റിയുടെ അംഗീകാരം നിർബന്ധമായും വാങ്ങേണ്ടതാണ്.

## 1-35 മെഡിക്കൽ ഓഫീസർ നടപ്പിലാക്കിയ പദ്ധതിയുടെ ഫയൽ പരിശോധനക്കായി ലഭ്യമായിട്ടില്ല- ചെലവു തുകയായ 40250/- രൂപ തടസ്സപ്പെടുത്തുന്നു

2021-22 സാമ്പത്തിക വർഷത്തിൽ മെഡിക്കൽഓഫീസർ സി.എച്ച്.സി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയ പദ്ധതിയുടെ (നം.171/2021-22) യുടെ ഫയൽ പരിശോധനക്കായി ലഭ്യമായിട്ടില്ല.
വിശദവിവരം ചുവടെ ചേർക്കുന്നു

| | |
|---|---|
| പദ്ധതിയുടെ പേര് /നം. | ഡയാലിസിസ് രോഗികൾക്കുള്ള പിൻതുണ/നം.171/2021-22 |
| അടങ്കൽ തുക | 40250/-(തനതുഫണ്ട്) |
| ചെലവു തുക | 40250/-(തനതുഫണ്ട്) |
| ചെക്ക് നം./ തീയതി | 5481273/26.3.2022 |

ഫയൽ പരിശോധനക്കായി ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.27/23.1.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ പദ്ധതിയുടെ ചെലവു രേഖകൾ പരിശോധനക്കായി ലഭ്യമാക്കുന്നതു വരെ 40250/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു

## 1-36 മാർക്കറ്റ് വൈദ്യുതീകരണം-എല്ലാ പ്രവർത്തികളും നടപ്പിലാക്കിയില്ല- 22500/-രൂപ തടസ്സപ്പെടുത്തുന്നു.

പ്രൊജക്ട് നം :143/22.

ചെലവ് തുക :200000/-രൂപ

(100000/- രൂപ, ബിൽ നം. 20110652005001357917/25.3.2021)

(അവശേഷിക്കുന്ന 100000/-രൂപ തനത് ഫണ്ടിൽനിന്നും നൽകിയതിന്റെ ചെക്ക് നം.ലഭ്യമാക്കിയിട്ടില്ല)

അളവ് പുസ്തകം :144/21

നിർവ്വഹണോദ്യോഗസ്ഥൻ: സെക്രട്ടറി, മുളന്തുരുത്തി ഗ്രാമപഞ്ചായത്ത്.

കാർഷിക വിപണി വയറിംഗ് എന്ന പ്രവർത്തിയുടെ ഭാഗമായി കരാറുകാരനായ ശ്രീ.സജിമോൻ കെ വിക്ക് മുകളിൽ പറഞ്ഞിരിക്കുന്ന പ്രകാരം 2,00,000/-രൂപ നൽകിയിട്ടുണ്ട്. പ്രവർത്തിയുടെ അളവ് പുസ്തകത്തിൽ അളവുകൾ പാനൽ എഞ്ചിനീയർമാരായ ശ്രീ.എം.കെ.ജോയി, ശ്രീ.കെ.ജെ.ജോർജ്ജ് എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് പ്രതിനിധികളുമായി പ്രവർത്തി സ്ഥലം സന്ദർശിച്ചപ്പോൾ അളവ് പുസ്തകത്തിൽ രേഖപ്പെടുത്തി മൂല്യനിർണ്ണയം നടത്തിയ താഴെ പറയുന്ന ഇനങ്ങൾ നടപ്പിലാക്കിയതായി കണ്ടില്ല.

| ക്രമ നം | ഇനം. | എണ്ണം | നിരക്ക് | ആകെ മൂല്യം. |
|---|---|---|---|---|
| 1 | 20വാട്ട് LED Outer Lighting | 3 | 5200/-രൂപ | 15600/-രൂപ |
| 2 | Exhaust Fan 150 Mm 4 Leaf. | 3 | 2300/-രൂപ | 6900/-രൂപ |

| | |
|---|---|
| ആകെ മൂല്യം | 22500/-രൂപ. |

മേൽ അപാകങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.12/20.1.2023ന് മറുപടി ലഭ്യമാക്കിയിട്ടില്ല. മറുപടിയുടെ അഭാവത്തിൽ 22500/- രൂപ തടസ്സപ്പെടുത്തുന്നു.

1-37 ഐ.കെ.എമ്മിൽ നിന്നുള്ള വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

പ്രൊജക്ട് നം.77/22ന്റെ ഭാഗമായി (നിർവ്വഹണോദ്യോഗസ്ഥൻ – സെക്രട്ടറി) ഐ.കെ.എം വിഹിതമിനത്തിൽ 1,50,000/-രൂപ ഗ്രാമപഞ്ചായത്ത് നൽകിയിട്ടുണ്ട്. (ബിൽ നം. 21110652005000979458/20.1.2022) ഇതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിൽ ആയത് ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ചുകൊണ്ടുള്ള ഓഡിറ്റ് എൻയറിക്ക് (21/21.1.2023)മറുപടി ലഭ്യമാക്കുകയുണ്ടായില്ല. ആയത് ലഭ്യമാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-38 പൈങ്ങാരപ്പിള്ളി മനയ്ക്കപ്പടി പ്രാദേശിക കുടിവെള്ള പദ്ധതി.

| | |
|---|---|
| പ്രോജക്ട് നം. | So 100/22 |
| പ്രോജക്ടിന്റെ പേര് | പൈങ്ങാരപ്പിള്ളി മനയ്ക്കപ്പടി പ്രാദേശിക കുടിവെള്ള പദ്ധതി. (8ാം വാർഡ്) |
| അടങ്കൽ | 450000/- |
| ചെലവ് | 389706/-(ബിൽ നം. 399/30-3-22) |
| കരാറുകാരൻ | മനോജ് കുമാർ എം.ആർ. |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | അസി.എൻജിനിയർ |

പ്രസ്തുത സ്ഥലത്ത് കുടിവെള്ള പദ്ധതിക്ക് വേണ്ടി സർവ്വീസ് കണക്ഷൻ ലഭ്യമാക്കുന്നതിനായി 32 മീറ്റർ 3 ഫേസ് ലൈൻ വലിക്കുന്ന പ്രവർത്തിക്കായി 19837/-ബിൽ നം. 399/29-3-21പ്രകാരം അസിസ്റ്റന്റ് എഞ്ചിനീയർ, (ഇലക്ട്രിക്കൽ സെക്ഷൻ, ആരക്കുന്നം) ഓഫീസിൽ അടച്ചിട്ടുണ്ട്. പ്രസ്തുത പ്രവർത്തി പൂർത്തീകരിച്ചിട്ടുണ്ട്. 21-22 വർഷം 3,89,706/- രൂപ ചെലവഴിച്ച് കിണർ കുഴിക്കുകയും മോട്ടോർ ഷെഡ്ഡ് പണിയുകയും ചെയ്തിട്ടുണ്ട്. നിലവിൽ വാട്ടർ ടാങ്ക് പണിയുന്ന പ്രവർത്തികൾ നടത്തിവരുന്നു. ബാക്കിയുള്ള വർക്കുകൾ കൂടി പ്രാവർത്തികമാക്കി കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് വാട്ടർ കണക്ഷൻ നല്കി ആയതിന്റെ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

1-39 മരാമത്ത് പ്രവൃത്തികളുടെ പൊതുവായ അപാകതകൾ

ഗ്രാമപഞ്ചായത്തിലെ അസിസ്റ്റന്റ് എഞ്ചിനിയർ നിർവ്വഹണോദ്യോഗസ്ഥനായി 2021-22 വർഷത്തിൽ ഏറ്റെടുത്ത മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിലും രേഖകൾ, രജിസ്റ്ററുകൾ സൂക്ഷിക്കുന്നതിൽ അപാകത കാണുന്നു.വിശദവിവരം ചുവടെ ചേർക്കുന്നു.

1)ക്യാഷ്ബുക്ക് ( TR 7A ) കൃത്യമായി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

2) കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനുമായി ചമയ്ക്കുന്ന കരാറുകളിൽ പ്രവൃത്തികളുടെ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പദ്ധതികളുടെ പൂർത്തീകരണത്തിൽ കാലതാമസം ഉണ്ടാകുന്ന പക്ഷം ആവശ്യമായ നിയമനടപടികൾ സ്വീകരിക്കുവാൻ സാധ്യമല്ലാതാകുന്നു.

3) പി.ഡബ്ല്യു.ഡി മാന്വൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.

4) ഭൂരിഭാഗം ഫയലുകളിലും പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

5) റോഡ് പ്രവർത്തികളിൽ ചെയിനേജ് രേഖപ്പെടുത്തുന്നില്ല.

6) മരാമത്ത് പ്രവൃത്തികളുടെ യഥാസമയമുള്ള പൂർത്തീകരണം ഉറപ്പാക്കുന്നില്ല.

7) എല്ലാ ആസ്തികളും ചേർത്ത് ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

1-40 എം.ജി.എൻ.ആർ.ജി.എസ്- അപാകതകൾ

എം.ജി.എൻ.ആർ.ജി.എസ്- പ്രവർത്തികളുടെ ഫയൽ പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1) തൊഴിലുറപ്പ് പദ്ധതികളുടെ സൈറ്റ് വെരിഫിക്കേഷൻ റിപ്പോർട്ട് ഫയലിൽ ലഭ്യമല്ല.

2) ആസ്തി നിർമ്മിക്കപ്പെട്ടതിന്റെ ജിയോടാഗ് ഫോട്ടോഗ്രാഫ് ഫയലിൽ ലഭ്യമല്ല.

3) പ്രവൃത്തി ആരംഭിക്കുന്നതിന് മുൻപും, പ്രവൃത്തി നടത്തുന്ന കാലയളവിലും, പ്രവൃത്തിക്ക് ശേഷവുമുള്ള വിവിധ ഘട്ടങ്ങളിലെ ഫോട്ടോഗ്രാഫ് ഫയലിൽ ഉൾപ്പെടുത്താത്തത് നിമിത്തം പൂർത്തികരിച്ച പ്രവൃത്തിയുടെ ഫലപൂർത്തി നിർണയിക്കുവാൻ കഴിയുന്നില്ല.

4) വിവിധ പ്രവൃത്തികൾക്കായി വാങ്ങുന്ന മെറ്റീരിയലിന്റെ ക്യാഷ്ബിൽ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും ആയത് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

5) തൊഴിലുറപ്പ് പദ്ധതികൾക്കായി നിയോഗിക്കപ്പെടുന്ന തൊഴിലാളികളുടെ വേജ്സ് ലിസ്റ്റും, മെറ്റിരിയൽ സപ്ലൈ ചെയ്യുന്ന കോൺട്രാക്ടർമാർക്ക് ഫണ്ട് ട്രാൻസ്ഫർ ഓർഡറും ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി കാണുന്നില്ല.

6) കിണർ റീച്ചാർജിംങ് പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് കിണർ ഗുണഭോക്താക്കൾക്ക് കൈമാറുമ്പോൾ തുടർ പരിപാലനം ഗുണഭോക്താക്കൾ തന്നെ നിർവ്വഹിക്കേണ്ട വസ്തുത ഗുണഭോക്താക്കളെ അറിയിക്കേണ്ടതും അതോടൊപ്പം അവരിൽ നിന്നും അനുബന്ധം 5 ൽ സമ്മതപത്രം ഒപ്പിട്ട് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. എന്നാൽ ആയത് ഫയലിൽ നിന്ന് ലഭ്യമല്ല.

7)പ്രവർത്തി നടക്കുന്ന സ്ഥലങ്ങളിൽ സ്ഥാപിക്കുന്ന സൈൻബോർഡിന്റെ ഫോട്ടോ ഫയലിൽ ഇല്ല.
മേൽ സൂചിപ്പിച്ചിട്ടുള്ള അപാകതകൾ പരിഹരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 2-1 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ്

2011 ലെ കേരള പഞ്ചാത്ത് രാജ് (വസ്തു നികുതിയും, സേവന ഉപനികുതിയും, സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരം മുളന്തുരുത്തി ഗ്രാമപഞ്ചാത്ത് വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറ വിസ്തീർണ്ണമുള്ള സൂപ്പർമാർക്കറ്റ്, ഷോപ്പിംഗ് മാളുകൾ എന്നിവക്ക് ച.മീറ്ററിന് 80/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിലെ 2021-22 സാമ്പത്തികവർഷത്തെ വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ കുറവുണ്ട്. വിശദ വിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ/ കെട്ടിട നം. | ഉപയോഗ ക്രമം | അപേക്ഷ നം./ പൂർത്തീകരിച്ച വിസ്തീർണ്ണം (ച.മീ) | വസ്തു നികുതി നിർണ്ണയിച്ച വിസ്തീർണ്ണം(ച.മീ) / ഈടാക്കിയതുക/രസീത് നം./തീയതി(ച.മീറ്ററിന്80 രൂപ നിരക്കിൽ)+20% വർദ്ധനവ്-10%ബഹുനില വാണിജ്യകെട്ടിടത്തിനുള്ള ഇളവ്+ലൈബ്രറി സെസ്സ് -5%ഉൾപ്പെടെ | വസ്തു നികുതി നിർണ്ണയിക്കേണ്ട വിസ്തീർണ്ണം(ച.മീ)/ ഈടാക്കേണ്ടതുക (ച.മീറ്ററിന് 80രൂപ നിരക്കിൽ) +20% വർദ്ധനവ്10% ഇളവ്+ലൈബ്രറി സെസ്സ് -5%ഉൾപ്പെടെ | ഈടാക്കിയതിൽ കുറവ് |
|---|---|---|---|---|---|
| രാജു ജോസഫ്/ 9/602K മുതൽ 9/602 S വരെ | വാണിജ്യാവശ്യം | A2-4489/2021 25.3.2021 492.08(227.43 - താഴത്തെ നില,- മുൻ വർഷത്തിൽ നമ്പർനൽകിയിട്ടുള്ളതാണ്")251.21 -ഒന്നാം നില, 13.44 - സ്റ്റെയർ ക്യാബിൻ ) | 251.21 20097+4019-2412+1085 =22789/- 121010106610,611 - 618 വരെ ,/15.1.2022 | 251.21+13.44 =264.65/- 21172+4234-2541+ 1143=24008/- | 1219/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.24/23.1.2023) മറുപടി ലഭ്യമായിട്ടില്ല. വസ്തുനികുതി പുനർ നിർണ്ണയിച്ച് ഈടാക്കിയതിൽ കുറവ് വന്ന തുകയായ 1219/-രൂപ ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്. കൂടാതെ സഞ്ചയ സോഫ്റ്റ്‌വെയറിൽ വസ്തു നികുതിനിരക്കിന് ആവശ്യമായ മാറ്റം വരുത്തി ഡിമാന്റ് ചെയ്ത് ഈടാക്കി ഫോം 6 സഹിതം രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

### 2-2 നിയമാനുസൃതമല്ലാതെ കെട്ടിടം നിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിച്ചിട്ടില്ല

2019 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 95 പ്രകാരം അംഗീകൃത പ്ലാൻ

കൂടാതെയോ, വ്യതിചലിക്കപ്പെട്ട പ്ലാൻ കൂടാതെയോ ഏതെങ്കിലും കെട്ടിടത്തിന്റെ നിർമ്മാണം ആരംഭിക്കുകയോ, നടത്തിക്കൊണ്ടുപോവുകയോ, പൂർത്തിയാക്കുകയോ ചെയ്താൽ അപ്രകാരമുള്ള നിർമ്മാണങ്ങൾ രാജിയാക്കൽ ഫീസ് ഈടാക്കി ക്രമപ്പെടുത്തേണ്ടതാണ്. പ്രാബല്ല്യത്തിലുള്ള പെർമിറ്റ് ഫീസിന്റെ ഇരട്ടിയാണ് ക്രമവത്കരണത്തിനുള്ള രാജിയാക്കൽ ഫീസ് ചട്ടം 95(4). പട്ടിക II പ്രകാരം റസിഡൻഡ്ഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്ര മീറ്ററിന് 7 രൂപയും നോൺ റസിഡൻഷ്യൽ കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 10/-രൂപയുമാണ് പെർമിറ്റ് ഫീസ്. 2021-22 ലെ ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഫയൽ പരിശോധിച്ചതിൽ നിന്നും ചുവടെ കൊടുത്തിരിക്കുന്ന കെട്ടിടനിർമ്മാണം പൂർത്തീകരിച്ച് ക്രമവൽക്കരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| കെട്ടിട ഉടമ | ഉപയോഗക്രമം | പെർമിറ്റ് അനുവദിച്ച വിസ്തീർണ്ണം(ച.മീ) | അപേക്ഷ നം/പൂർത്തീകരിച്ച വിസ്തീർണ്ണം (ച.മീ) | അധികം നിർമ്മിച്ച വിസ്തീർണ്ണം (ച.മീ) | ഈടാക്കേണ്ട ക്രമവൽക്കരണ ഫീസ് |
|---|---|---|---|---|---|
| സുനി തേക്കും കാട്ടിൽ | കോമേഴ്സ്യൽ കം റസിഡൻഷ്യൽ | 368.09 (151.02-F,197.79-A1 19.28-A1) | A2/9823/21 12.11.2021<br><br>395.96 (151.02-F, 4.66-F, 197.79-A1,23.21-A1, 19.28A1) | 27.87 (4.66-വാണിജ്യാവശ്യം, 23.21-പാർപ്പിടാവശ്യം) | 4.66*20+ 23.21*14 |
| | | | | | 418/- |

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കുവാനായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം23/23.1.2023) മറുപടി ലഭ്യമായിട്ടില്ല. മേൽ അപാകതകൾ പരിഹരിച്ച് ക്രമവൽക്കരണ ഫീസ് ഈടാക്കി രേഖകൾ പരിശോധനക്കായി ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നല്കിയതിന്റെ വിവരം

2021-22 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായാണ് വാർഷികധനകാര്യപത്രിക പരിശോധിച്ചത്.

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2021-22 | 300000 | CFLTC ഭൌതികസൌകര്യം വർദ്ധിപ്പിക്കൽ (151/22) | 300000 | 0 |
| | | 309543 | പൈഗരപ്പിള്ളി-മനക്കപ്പടി കുടിവെള്ള പദ്ധതി | 309543 | 0 |
| | | 960000 | ലൈഫ് ഭവനപദ്ധതി (ജനറൽ) | 960000 | 0 |
| | | 640000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 640000 | 0 |
| | | 40000 | പാലിന് സബ്സിഡി | 40000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 245540 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 245540 | 0 |
| | | 600000 | സ്റ്റേഡിയം നിർമാണം | 600000 | 0 |
| | | 526991 | മാർക്കറ്റ് നിർമ്മാണം പൂർത്തീകരണം | 526991 | 0 |
| | ആകെ | 3622074 | | 3622074 | |
| ജില്ലാ പഞ്ചായത്ത് | 2021-22 | 480000 | ലൈഫ് ഭവനപദ്ധതി (എസ്.സി) | 480000 | 0 |
| | | 5000 | പാലിന് സബ്സിഡി | 5000 | 0 |
| | | 1093728 | നെൽക്കൃഷി വികസനം | 1093728 | 0 |
| | | 499940 | ഭിന്നശേഷിക്കാർക്ക് സ്കോളർഷിപ്പ് | 499940 | 0 |
| | | 1000000 | മാർക്കറ്റ് കെട്ടിടനിർമാണം | 1000000 | 0 |
| | ആകെ | 3078668 | | 3078668 | 0 |

മുൻ വർഷങ്ങളിൽ ബ്ലോക്ക്/ജില്ല പഞ്ചായത്ത് വിഹിതമായി ലഭിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുകയും ഉൾപ്പെടെയാണ് ബാലൻസ് ഷീറ്റിൽ 31.03.2022 ൽ ചെലവഴിക്കാൻ ബാക്കിനിൽക്കുന്ന തുകയായി രേഖപ്പെടുത്തിയിരിക്കുന്നത്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നല്കിയ തുകയുടെ വിവരം

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നല്കിയ തുക | വൗച്ചർ നം./ തീയതി | ചെലവഴിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വാട്ടർ ടാങ്ക് റിപ്പയറിംഗ് (210/22) | 250000/- | 22101561/19.03.22 | 0 | 250000/- |
| കേരള വാട്ടർ അതോറിറ്റി | കാഞ്ഞിരാക്കാപ്പിള്ളി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 260000/- | 22101727/31.03.22 | 260000/- | 0/- |
| | പൊതുടാപ്പുകൾ കട്ട് ചെയ്യൽ (215/22) | 467000/- | 22101590/30.03.22 | 0 | 467000/- |
| പൊതുമരാമത്ത് വകുപ്പ് | ടേക്ക് എ ബ്രേക്ക് (192/22) | 32387/- | 22101737/31.03.22 | 0 | 32387/- |

പ്രവൃത്തികൾ പൂർത്തികരിക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുക നൽകിയിട്ടില്ല.

.

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ ആകെ 69,02,554/- രൂപയുടെ വരവുണ്ട്. വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC ബസ് സ്റ്റാൻഡ് ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ (സാധാ.) 2759/15/ ത.സ്വ.ഭ.വ., 10.09.2015 | 22284000 | 11747014 | 2973240 | 1114171 | 8773774 |
| ലൈഫ് ഭവന വായ്പ HUDCO | സ.ഉ (സാധാ.) 124/18/ ത.സ്വ.ഭ.വ., 11.09.2018 | 3813600 | 5544267 | 1026667 | 0 | 4517600 |

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

വാർഷിക ധനകാര്യ പത്രിക പ്രകാരം ഓഡിറ്റ് റിക്കവറി ഇനത്തിൽ വരവ് വന്ന 27950/- രൂപയുടെ വിവരം താഴെ ചേർക്കുന്നു.

| ക്രമ നമ്പർ | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേര്/ ഉദ്യോഗപ്പേര് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|
| 1 | 2004-5 | 3-2(1) | 90 | ഇ എസ് ജോഷി, ജൂനിയർ സൂപ്രണ്ട് | 121010104051/05.11.21 |
| 2 | 2018-19 | 1-15 | 25360 | അസി. എഞ്ചിനീയർ | 121010500094/09.12.21 |
| 3 | 2019-20 | 1-11(3) | 1250 | ജോയ് തോമസ് | 1210101061/29.06.21 |
| 4 | | 1-11(5) | 1250 | സണ്ണി എം എം | 12101062/29.06.21 |
| | | ആകെ | 27950 | | |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2012-13 | 3-7 (1) | 2014-15 | 4.1.5 | വ്യവസായ കേന്ദ്രങ്ങൾ കെട്ടിടനിർമ്മാണത്തിൽ മാത്രം ഒതുങ്ങുന്നു. | ന്യൂനത പരിഹാരപ്പത്രിക സമർപ്പിച്ചിട്ടുണ്ട്. |

.

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 104826267.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 106683313.00 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 1637 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1091600/- |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-1 | 1219/- | | ബിനു വർഗ്ഗീസ് സെക്രട്ടറി , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| 2-2 | 418/- | | ബിനു വർഗ്ഗീസ് സെക്രട്ടറി , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| ആകെ | 1637/- | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-28 | 340770/- | ബിനു വർഗ്ഗീസ്, സെക്രട്ടറി |
| 1-32 | 668080/- | ഡോ.ഷാജി .പി.എസ് അസിസ്റ്റന്റ് സർജൻ സി.എച്ച്.സി മുളന്തുരുത്തി |
| 1-33 | 20000/- | ഡോ.ഷാജി .പി.എസ് അസിസ്റ്റന്റ് സർജൻ സി.എച്ച്.സി മുളന്തുരുത്തി |
| 1-35 | 40250/- | ഡോ.ഷാജി .പി.എസ് അസിസ്റ്റന്റ് സർജൻ സി.എച്ച്.സി മുളന്തുരുത്തി |
| 1-36 | 22500/- | രാജേഷ് .ടി.വർഗ്ഗീസ് സെക്രട്ടറി , മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് |
| ആകെ | 1091600/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം
ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ
ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന | സ്ഥിരം മേൽവിലാസം |
|---|---|---|

| | | |
|---|---|---|
| | സമയത്തെ) ഔദ്യോഗിക മേൽവിലാസം | |
| ബിന്ദു വർഗ്ഗീസ് സെക്രട്ടറി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | സെക്രട്ടറി മുളന്തുരുത്തി ഗ്രാമപഞ്ചായത്ത് | ചീരാംയാലിൽ ഹൌസ് മുളന്തുരുത്തി (പി.ഒ) എറണകുളം -682314 |
| ഡോ.ഷാജി പി.എസ്. അസിസ്റ്റന്റ് സർജൻ സി.എച്ച്.സി. മുളന്തുരുത്തി | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി മുളന്തുരുത്തി | സത്യവാൻ, കൃഷ്ണശ്രേയസ് ലൈൻ കടവന്ത്ര കൊച്ചി-682020 |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | കെ.എസ്.എ-ഇകെഎം(പി.6)1530/22/4.1.2023 |
| 1999-2000 | |
| 2002-03 | എൽ.എഫ്.ഇ.(പി.4)732/04/06.04.2005 |
| 2003-04 | എൽ.എഫ്.ഇ.(പി.4)1064/05/21.12.2005 |
| 2004-05 | കെ.എസ്.എ.ഇകെഎം.(പി.6) 1530/22/4.1.2023 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11 | |
| 2011-12 | |
| 2012-13 | |
| 2013-14, 2014-15 | |
| 2015-16 | കെ.എസ്.എ-ഇകെഎം(പി.6) 2128/18/10.7.2018 |
| 2016-17 | കെ.എസ്.എ-ഇകെഎം(പി.6) 1268/17/6.5.2018 |
| 2017-18 | കെ.എസ്.എ-ഇകെഎം(പി.6) 1609/18/ 11.6.2019 |
| 2018-19 | കെ.എസ്.എ-ഇകെഎം(പി.6) 1548/19 /06.11.19 |
| 2019-20 | കെ.എസ്.എ-ഇകെഎം(പി.6) 493/21 /30.03.21 |
| 2020-21 | കെ.എസ്.എ-ഇകെഎം(പി.6) 520/22 /06.08.2022 |

തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ പരാമർശങ്ങൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
എറണാകുളം ജില്ലാ ഓഡിറ്റ് കാര്യാലയം

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

എറണാകുളം ജില്ലയിലെ മുളന്തുരുത്തി ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്